# ആദർശ സത്യങ്ങൾ

## 100 മറുപടികൾ

അഫ്സൽ സഖാഫി ചെറുമോത്ത്

SUNNAH CLUB

Click to follow us:

Sunnahclub.in

അഹ്ലുസ്സുന്നയുടെ ആദർശം അടിസ്ഥാനപരമായി പഠിക്കാ നും പുത്തൻവാദികളെ നേരിടാനും വിശ്വാസികളെ പ്രാപ്തരാക്കുന്ന തോടൊപ്പം അല്ലാഹുവിന്റെ അസ്തിത്വം നബി(സ)യുടെ രിസാല ത്ത്, ഖുർആനിന്റെ ദൈവികത, വിധി വിശ്വാസം തുടങ്ങിയ കാര്യങ്ങ ളും ഇതിൽ ചർച്ച ചെയ്യുന്നു.

**1.അഹ്,ലുസ്സുന്നത്തി വൽജമാഅത്ത് ആരാണ്?**

➢ നബി(സ)യുടെ സുന്നത്തും സ്വഹാബികളുടെ കൂട്ടായ്മയും അംഗീകരിക്കുന്നവരാണ് അഹ് ലുസ്സുന്നത്തി വൽജമാഅഃ.

**2.സുന്നികളിൽപുത്തൻ വാദികൾശിർക്ക്ആരോപ ക്കാറുണ്ട്. എ ന്താണ് യഥാർത്ഥത്തിൽശിർക്ക്?**

➢ ശിർക്ക് എന്നാൽ ഭാഷാർത്ഥത്തിൽ പങ്കുചേർക്കുക എന്നും, സാങ്കൽ തികാർത്ഥത്തിൽ അനിവാര്യമായ അസ്തിത്വത്തിലോ ആരാധനക്ക് അർഹിക്കുക എന്നതിലോ അല്ലാഹുവിൽ കൂറു കാരെ അംഗീകരി ക്കുകയെ ന്നുമാണ്. ഇങ്ങനെ ഒരു കമായ, അഥവാ മറ്റൊ രാൾക്ക് ലഭിക്കൽ ബുദ്ധിപരമായി പാ ടില്ലാത്ത ഗുണങ്ങൾ സുന്നികൾ മഹാന്മാ രിൽ ചാർത്തുന്നു എന്ന ആ രോപണം മാത്രമാണ് ശിർക്കാരോപകർക്ക് ഉള്ളത്.

**3.മഹാന്മാർ സഹായിക്കും എന്ന് പറയുമ്പോൾ അവരെ അല്ലാ ഹുവിനോട് തുല്യപ്പെടുത്തലല്ലേ? കാരണം അല്ലാ ഹു മാത്ര മാണല്ലോ സഹായി. وَإِيَّاكَ نَسْتَعِينُ (നിന്നോട്**

**മാത്രം ഞങ്ങൾ സഹായം തേടുന്നു) എന്നാണല്ലോ അല്ലാഹു പഠിപ്പിച്ചത്.**

➢ **ഇതിൽസാധാരണ സഹായം എന്നോ അസാധാരണ സഹായം എന്നോ വേർതിരിച്ചിട്ടില്ല. കാരണം അല്ലാഹു** വാണ് എല്ലാ സഹായങ്ങളും സൃഷ്ടിക്കുന്നത്. ആ അർത്ഥത്തിൽ അവനോട് മാത്രമാണ്എല്ലാം ചോദിക്കുന്നതും. എന്നാൽ സാധാരണക്കാർസാധാരണ കാര്യങ്ങളിൽ സഹായികളായതു പോലെ മഹാന്മാർ അസാധാരണ കാര്യങ്ങളിൽ സഹായികളാണ്. അഥവാ അല്ലാഹുവിന്റെസഹായം ലഭിക്കാൻ അവർ കാരണക്കാരാകുന്നു. അതുകൊണ്ട് അവരെ അല്ലാഹുവിനോട് തുല്യപ്പെടുത്തലില്ല.

**4. ഇസ്തിഗാസ മഹാന്മാർക്കുള്ള ആരാധനയാണെന്ന് ചിലർ പറയുന്നു; എന്താണ് ആരാധന?**

➢ ആരാധനഎന്നാൽ പരമമായവണക്കം എന്നാണ്. (تفسير البيضاوي) സ്വന്തമായവല്ലശക്തിയും ഉണ്ടെന്നോആരാധനക്ക്ഹരാണെന്നോ ഒരു വസ്തുവിനെക്കു റിച്ച് വിശ്വസിച്ചാൽ അത് ആ വസ്തുവിനുള്ള ആരാധനയാകും. ഇസ്തിഗാസ ചെയ്യപ്പെടുന്ന മഹാനെ കുറിച്ച്ഇങ്ങനെ ഒരു സുന്നിയും വിശ്വസിക്കുന്നില്ല.

**5. പ്രാർത്ഥന ഇബാദത്താണ്. അപ്പോൾ മഹാന്മാരോട് പ്രാർത്ഥിക്കൽ ശിർക്കല്ലെ?**

➢ സുന്നികൾമഹാന്മാരോട് സഹായം ചോദിക്കുകയാണ്. എല്ലാ സഹായതേട്ടവും പ്രാർത്ഥനയല്ല. ദൈവത്തോ ടുള്ള സഹായ തേട്ടമാണ്പ്രാർത്ഥന.അങ്ങനെസുന്നികൾമഹാന്മാരോട് ദൈ വമാണെന്ന് വിശ്വസിച്ച് സഹായം തേടാറില്ല.

**6. മക്കയിലെ മുശ് രിക്കുകളെ പോലെയാണ് മഹാന്മാരോ ട് ഇസ്തിഗാസ ചെയ്യുന്ന സുന്നികൾ എന്ന് ചിലർ പറ യുന്നു. എന്തായിരുന്നു അവരുടെ വിശ്വാസം?**

മക്കയിലെമുശ്രിക്കുകൾവ്യത്യസ്തവിശ്വാസക്കാരായിരുന്നു. എന്നാൽഎല്ലാവിഭാഗങ്ങളും അല്ലാഹു അല്ലാതെ ഇലാഹ് (ആരാധനക്കർഹൻ) ഉണ്ടെന്നുവിശ്വസിക്കുകയും لا اله إلا الله യെ നിഷേധിക്കുകയുംചെയ്തു. എന്നാൽസുന്നികൾമഹാന്മാർ ഇ ലാഹു കളാണെന്ന് വിശ്വസിക്കുന്നില്ല, لا اله إلا الله (അല്ലാഹു അല്ലാ തെഇല്ലാഹില്ല)എന്ന് വിശ്വസിക്കുന്നവരാണ്. അതി നാ ൽ അവരിൽഒരു വിഭാഗത്തോടും സുന്നികളെ തുല്യപ്പെടു ത്താൻ പറ്റില്ല.

അഭൗതികമാ ർഗ്ഗത്തിൽസഹായം പ്രതീക്ഷിക്കൽ ഇലാഹ് ആക്കലാ ണെന്ന് ചിലർപറയാറുണ്ട്. അതിനു തെളിവുകളില്ല.

മഹാന്മാർ ഉദ്ദേശിക്കുമ്പോൾ ചിലപ്പോൾ അവരു ടെ കറാമത്ത് വെളിവാകുമെന്നും എന്നാൽ അവർ ഉദ്ദേശിക്കാൻ വേണ്ടി അ വരോട്ആവശ്യപ്പെടൽശിർക്കാകുകയും ചെയ്യുമെന്ന വിരോ ധാഭാസമാണ് ഈ വിശ്വാസം.

**7. മക്കയിലെ മുശ് രിക്കുകൾ അവരുടെ തൽബിയത്തിൽ അവരുടെ ദേവന്മാരും അവ ഉടമപ്പെടുത്തിയതും അല്ലാഹുവിന്റെ ഉടമസ്ഥതയിലാണെന്ന് പറഞ്ഞല്ലോ. അതുപോലെയല്ലേ സുന്നികൾ മഹാന്മാരെ കുറിച്ചും പറയുന്നത്?**

- അവരുടെഅവരുടെദേവന്മാർ അല്ലാഹുവിന്റെ പങ്കാരാണെന്ന് പറയുന്നുണ്ട്. സുന്നികൾഅങ്ങനെപറയുന്നില്ല.

 അവർ അല്ലാഹുവിന്റെ  ഉടമസ്ഥതയിലാണെന്ന്തൽ ബിയത്തിൽ പറഞ്ഞത്ശരിയും അല്ലാഹുവിന്റെ  ശരീക്കാണെ ന്ന്പ റഞ്ഞത് തെറ്റുമാണ്. അതിലെശരി യെയാണ് സുന്നികൾ പറ യുന്നത്.  തെറ്റിനെഒഴിവാക്കുകയുംചെയ്യുന്നു.അവർ പറഞ്ഞ ഈ തൽബിയത്ത്യഥാർത്ഥത്തിൽ വൈരുദ്ധ്യമായിരു ന്നു. കാരണംശരീക്ക്ഒരിക്കലുംഉടമസ്ഥതയിൽ ആവുകയി ല്ല. അവർ പറയുന്ന വൈരുദ്ധ്യത്തിന്സുന്നികളെ എന്തിന്മുശ്രിക്കാക്കണം .

**8. മുശ് രിക്കുകൾ അവരുടെ ദേവന്മാരെ കുറിച്ച് هَٰٓؤُلَآءِ شُفَعَٰٓؤُنَا عِندَ ٱللَّهِ (ഇവകൾ അല്ലാഹുവിന്റെ അടുക്കൽ ശുപാർശ ചെയ്യും) എന്നല്ലേ വിശ്വസിച്ചുള്ളൂ. അതേപോ ലെയല്ലെ സുന്നികളും മഹാന്മാരെ കുറിച്ച് പറയുന്നത്?**

- അല്ല, മുശ് രിക്കുകൾ വിശ്വസിച്ചത് അവരുടെ ദേവ ന്മാർ അല്ലാഹുവിന്റെ സമ്മതമില്ലാതെ ശഫാഅത്ത് ചെയ്യുകയും, ബലമായി വാങ്ങിത്തരുകയും ചെയ്യുമെ ന്നാണ്. അതുകൊണ്ടാണ് അല്ലാഹു അവരോട് مَن ذَا ٱلَّذِي يَشۡفَعُ عِندَهُۥٓ إِلَّا بِإِذۡنِهِۦۚ (ആരാണ് അവന്റെ സമ്മതമില്ലാതെ ശുപാർശ ചെയ്യുക) എന്ന് ചോദി

ച്ചത് (ഇത് ഇബ്നു തൈമിയ്യ തന്നെ പറഞ്ഞതാണ്). അല്ലാഹുവിന്റെ അധികാരത്തിൽ ദേവന്മാർക്ക് ആധിപത്യം ഉണ്ടെന്ന് അവർ വിശ്വസിച്ചു. എന്നാൽ സുന്നികൾ മഹാന്മാരെ കുറിച്ച് അങ്ങനെ വിശ്വസിക്കുന്നില്ല. അതുകൊണ്ട് മുശ് രിക്കുകളുടേത് ശിർക്കും സുന്നികളുടേത് ആദരവുമാണ്.

**9.ഇസ്തിഗാസ എന്നാൽ എന്ത് ?**

➢ അമ്പിയാക്കളും ഔലിയാക്കളും അല്ലാഹുവിന്റെ ഇഷ്ട ദാസന്മാ രാണെന്നും, അവർ അല്ലാഹുവിനോട് ദുആ ചെയ്താലും ശഫാഅത്ത് ചെയ്താലും സ്വീകരിക്കാൻ കൂടുതൽ സാധ്യതയു അല്ലാഹു പ്രകടിപ്പിക്കാ റുണ്ടെന്നും, അവരുടെ മരണശേ ഷവും അത് തുടരുമെ ന്നും, അത് മൂലം നമുക്ക് സഹായം ലഭിക്കുമെന്നും വിശ്വസിച്ച് സഹായം ചോദിക്കുന്നതിനാണ് ഇസ്തിഗാസഎന്ന് പറയുന്നത്.

**10. ഇസ്തിഗാസ വിഷയത്തിൽ സുന്നികളും പുത്തൻ വാദികളും തമ്മിലുള്ള തർക്കം എന്താണ് ?**

➢ **മഹാന്മാരോട് അദൃശ്യ മാർഗത്തിൽ സഹായം തേടൽ അവരുടെ ജീവിതകാലത്തും മരണശേഷവും ശിർക്കാണെന്ന് ബിദഇകൾ പറയുന്നു.**

സുന്നികൾ പറയുന്നത് എല്ലാ സഹായത്തിന്റെ യും സാക്ഷാൽ ഉടമസ്ഥൻ അല്ലാഹുവാണെന്നും അല്ലാ ഹുവിന്റെ സ

ഹായം ലഭിക്കാൻ സാധാരണ കാര്യങ്ങ ൾക്ക് സാധാരണക്കാരെയും, അസാധാരണ കാര്യങ്ങ ൾക്ക് അസാധാരണക്കാരെയും സമീപിക്കൽ അനുവ ദനീയമാണെന്നുമാണ്. മാത്രമല്ല, മഹാന്മാരോട് സഹായം തേടുമ്പോൾ അവരെ ആദരിക്കലുള്ളതിനാൽ അത് പുണ്യകർമ്മവുമാണ്.

**11. ഇസ്തിഗാസ ചെയ്യുമ്പോൾ ഒരു സുന്നിയുടെ പ്രതീക്ഷ എന്താണ് ?**

➢ മഹാന്മാരോട് സഹായം തേടുമ്പോൾ മൂന്നിലൊരു രൂപത്തിലാണ് സുന്നികൾ സഹായം പ്രതീക്ഷിക്കുന്നത്. ഒന്ന്: അവരുടെ മുഅ്ജിസത്ത്-കറാമത്തുകളുടെ ഭാഗ മായി നമുക്ക് സഹായം ലഭിക്കും. രണ്ട്: അവർ നമുക്ക് വേണ്ടി അല്ലാഹുവിനോട് ശുപാർശ ചെയ്യും. മൂന്ന്: ഇസ്തിഗാസ ചെയ്യുന്നവന്റെ മനസ്സിൽ മഹാന്മാരോട് ആദരവും സ്നേഹവുമുണ്ട് എന്നതിന്റെ ഒരു പ്രകട നമാണ് ഇസ്തിഗാസ (വെറുക്കുന്ന ആളോട് നാം സഹായം തേടാറില്ലല്ലോ) എന്നത് കാരണമായും, അവന്റെ ഇഷ്ട ജനങ്ങളെയാണല്ലോ വിളിച്ചത് എന്ന നിലയിലും അല്ലാഹു നമ്മെ സഹായിക്കും. അത് മഹാന്മാർ അറിയാതെയും ആകാം.

**12. മരണപ്പെട്ട മഹാന്മാരോട് ഇസ്തിഗാസ ചെയ്യൽ അനുവ ദനീയമാണെന്ന് വല്ല പണ്ഡിതനും പറഞ്ഞിട്ടുണ്ടോ?**

➢ അതെ, ഇമാം റംലി(റ) പറഞ്ഞിട്ടുണ്ട്.

ഇമാം റംലി(റ)വിനോടുള്ള ഈ വിഷയത്തിലെ ചോദ്യവും അവരുടെ മറുപടിയും:

**ചോദ്യം:** സാധാരണക്കാരായ ആളുകൾ അവർക്ക് പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ 'അല്ലാഹുവിന്റെ റസൂ ലേ' എന്നും 'മഹാനേ' എന്നും പോലെയുള്ള ഇസ്തിഗാ സകൾ ചെയ്യാറുണ്ട്. അത് അനുവദനീയമാണോ? അമ്പിയാക്കൾക്കും , മുർസലുകൾക്കും, ഔലിയാക്കൾക്കും, ഉലമാക്കൾക്കും, സ്വാലിഹീങ്ങൾക്കും മരണ ശേഷം സഹായിക്കാൻ കഴി യുമോ?

**ഉത്തരം:** അവരോട് സഹായം തേടൽ അനുവദ നീയമാണ്. അവർക്ക് മരണശേഷവും സഹായിക്കാൻ കഴിയും. കാരണം അമ്പിയാക്കളുടെ മുഅ്ജിസത്തും ഔലിയാക്കളുടെ കറാമ ത്തും മരണം കൊണ്ട് മുറി യുകയില്ല.

( سُئِلَ) عمَّا يَقَعُ مِن العَامَّةِ مِنْ قَوْلِهِمْ عِنْدَ الشَّدَائِدِ 'يَا شَيْخ فُلَان' ، 'يَا رَسُولَ اللَّهِ' وَنَحْو ذَلِكَ مِن الاِسْتِغَاثَةِ بِالأَنْبِيَاءِ وَالمُرْسَلِينَ وَالأَوْلِياءِ وَالْعُلَمَاء وَالصَّالِحِينَ ، فَهَلْ ذَلِكَ جَائِزٌ ، أَمْ لا ؟ وَهَلْ لِلرُّسُلِ وَالْأَنْبِيَاءِ وَالأَوْلِيَاءِ وَالصَّالِحِينَ وَالْمَشَايِخِ إغاثَةٌ بَعْدَ مَوْتِهِمْ ، وَمَاذَا يُرَجِحُ ذَلِكَ ؟

(فَأَجَاب) بِأَنَّ الاسْتِغَاثَةَ بِالْأَنْبِيَاءِ وَالْمُرْسَلِينَ وَالأَوْلِيَاءِ وَالْعُلَمَاءِ وَالصَّالِحِينَ جَائِزَةٌ. وَلِلرُسُلِ وَالأَنْبِيَاءِ وَالأَوْلِيَاءِ وَالصَّالِحِينَ إغاثَةٌ بَعْدَ مَوْتِهِمْ ، لِأَنَّ مُعْجِزَةَ الْأَنْبِيَاءِ وَكَرَامَاتِ الْأَوْلِيَاءِ لَا تَنْقَطِعُ بِمَوْتِهِمْ. أَمَّا الْأَنْبِيَاءُ فَلِأَنَّهُم أَحْيَاءٌ فِي قُبُورِهِمْ ، يُصَلُّونَ وَيَحُجون كَمَا وَرَدَتْ بِهِ الْأَخْبَارُ ، وَتَكُونُ الْإِغَاثَةُ مِنْهُمْ مُعْجِزَةً لَهُمْ. وَالشُّهَدَاءُ أَيْضًا أَحْيَاءٌ شُوهِدُوا نَهَارًا جِهَارًا يُقَاتِلُونَ الْكُفَّارَ. (فتاوي رملي 6-274)

## 13. നബി(സ)യുടെ വഫാത്തിന് ശേഷം അവിടുത്തോട് ഇസ്തിഗാസ നടത്തിയതിന് വല്ല തെളിവുമുണ്ടോ?

- ഉണ്ട്, ഉമർ(റ)വിന്റെ ഭരണകാലത്ത് ജലക്ഷാമം അനുഭവപ്പെട്ട പ്പോൾ നബി(സ)യുടെ ഖബ്റിന് സമീപത്ത് വന്ന് ഒരാൾപറ ഞ്ഞു:'അല്ലാഹുവിന്റെ റസൂലേ, അങ്ങയുടെ ഉമ്മത്തിന് വേ

ണ്ടി അങ്ങ് വെള്ളം തേടണം, കാരണം അവർ നാശത്തിന്റെ വക്കിലെത്തിയിരിക്കുന്നു.' ഉമർ(റ)വിന്റെ അടുക്കൽ പോയി എന്റെ സലാംപറയുകയും, മഴ ലഭിക്കുമെന്ന് സന്തോഷം അറിയിക്കുകയും ചെയ്യുകയെന്ന് നബി(സ) അയാൾക്ക് സ്വപ്നത്തിൽ നിർദ്ദേശം നൽകി. അങ്ങനെ അയാൾ ഉമർ(റ)വിന്റെ അടുക്കൽ വന്നുവിവരം പറഞ്ഞു. അ പ്പോൾ ഉമർ(റ) അത് തെറ്റാണെന്ന്പറഞ്ഞില്ല. മറിച്ച്, അത് അംഗീകരിച്ചു.

عَنْ أَبِي صَالِحٍ عَنْ مَالِكٍ قَالَ: أَصَابَ النَّاسَ قَحْطٌ فِي زَمَنِ عُمَرَ بْنِ الخَطَّابِ. فَجَاءَ رَجُلٌ إِلَى قَبْرِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ فَقَالَ: 'يا رَسُولَ الله، اِسْتَسْقِ الله لِأُمَّتِكَ، فَإِنَّهُمْ قَدْ هَلَكُوا'. فَأَتَاهُ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّم فِي المَنَامِ فَقَالَ: إِيتِ عُمَرَ فَأَقْرِهِ مِنِّي السَّلامَ، وَاخْبِرْهُمْ أَنَّهُمْ مُسْقُونَ، وَقُلْ لَهُ 'عَلَيْكَ بِالكيسِ الكيس'. فَأَتَى الرَّجُلُ فَأَخْبَرَ عُمَرَ فَقَالَ: 'يا رَبِّ مَا آلُوْا إِلَّا مَا عَجَزْتُ عَنْهُ'. وَهَذَا إِسْنَادٌ صَحِيحٌ. (البداية والنهاية 7-111)

വഫാതായ റസൂലുല്ലാഹി(സ)യെ വിളിച്ചു സഹായം തേ ടൽ ശിർക്കാണെങ്കിൽ ഉമർ(റ) അതിനെ എതിർക്കു മായിരുന്നു.

## 14. ഇസ്തിഗാസ വിഷയത്തിലെ പുത്തൻ വാദിയുടെ വിരോധാഭാസം എന്ത്?

- മുഅ്ജിസത്തും കറാമത്തുമുണ്ടെന്നും, അത് അവർ ആഗ്രഹിക്കുമ്പോൾ പലപ്പോഴും ഉണ്ടാകുമെന്നും അംഗീകരിക്കുകയും, എന്നാൽ അവരാഗ്രഹിക്കാൻ അവരോട് ചോദിക്കൽ ശിർക്കാണെന്നും പറയുന്നു.

**15. സിദ്ദീഖ്(റ) വഫാത്തായപ്പോൾ അവിടുത്തെ ജനാസ യുമായി റൗളയുടെ സമീപത്ത് വന്ന് നബി(സ)യെ വിളി ച്ച് സഹാബത്ത് പറഞ്ഞത് എന്താണ് ?**

➢ സമ്മതമാണെങ്കൽ മറവ് ചെയ്യാമെന്ന രൂപത്തിൽ ഇങ്ങ നെ പറഞ്ഞു: يا رسول الله ، هذا أبو بكر بالباب (അല്ലാഹു വിന്റെ റസൂലേ, അബൂബക്കർ അങ്ങയുടെ വാതിലിന് സമീപത്തു ണ്ട്). (തഫ്സീർ റാസി)

വഫാത്തായ നബി(സ)യെ വിളിക്കൽ ശിർക്കാണെങ്കിൽ അവി ടെയുണ്ടായിരുന്ന സഹാബികൾ ശിർക്ക് ചെയ്തുവെന്നോ, ഇ മാം റാസി(റ) അവരുടെ പേരിൽ ശിർക്ക് ആരോപിച്ചുവെന്നോ പറയേണ്ടി വരും. മആ ദല്ലാഹ്.

**16. അദൃശ്യ മാർഗത്തിൽ അല്ലാഹു അല്ലാത്തവരോട് സഹായം തേടൽ ശിർക്കാണെന്നാണ് പുത്തൻവാദി കൾ പറയുന്നത്. നിങ്ങൾ എന്ത് പറയുന്നു?**

➢ അത് ശിർക്കല്ല, കാരണം അദൃശ്യ മാർഗത്തിൽ സഹായം തേ ടൽ ശിർക്കാണെന്നതിന് ഒരു തെളിവുമില്ല. മാത്രമല്ല മുഅ്ജി സത്തും കറാമത്തും അദൃശ്യ മാർഗ്ഗമാണല്ലോ. ഇതനുസരിച്ച് മുഅ്ജിസത്ത് ആവശ്യപ്പെടലും ശിർക്കാവേണ്ടതല്ലേ?

**17. അല്ലാഹുവിനോട് ചോദിക്കലാണോ നല്ലത് മഹാന്മാ രോട് ചോദിക്കലാണോ ?**

➢ രണ്ട് തേട്ടവും യഥാർത്ഥത്തിൽ അല്ലാഹുവിനോടാണ്. ഉ ത്തരം തരുന്നത് അല്ലാഹു ആണെന്നാണ് നമ്മുടെ വിശ്വാസം.

അത്കൊണ്ടാണ് ഉദ്ദേശ്യം സാധിച്ചാൽ അൽഹംദുലില്ലാഹ് എന്ന് പറയുന്നത്. എന്നാൽ അല്ലാഹുവിനോട് പ്രാർത്ഥിക്കുമ്പോൾ ഉത്തരംലഭിക്കാൻ സ്വദഖ ചെയ്യുക, ഖുർആൻ ഓതുക, നല്ല സമയങ്ങളിലും സ്ഥലങ്ങളിലും ദുആ ചെയ്യുക, മഹാന്മാർ മുഖേനയാവുക എന്നിങ്ങനെ വ്യത്യസ്ത കാരണങ്ങളുണ്ട്. ഇതിൽ പെട്ട ഒരു കാരണമാണ് മഹാന്മാരിലൂടെ സഹായം പ്രതീക്ഷിക്കൽ.

**18. وَمَا النَّصْرُ اِلّا مِنْ عِنْدِ اللهِ (സഹായം അല്ലാഹുവിൽ നിന്നു മാത്രമാണ്) എന്ന് ഖുർആനിൽ ഉണ്ടല്ലോ. ഇത് ഇസ്തിഗാസക്ക് എതിരല്ലെ ?**

➢ അല്ല, ഇതിന്റെ അർത്ഥം ആരിൽ നിന്ന് സഹായം ലഭിച്ചാലും അതിന്റെ യഥാർത്ഥ ഉടമസ്ഥൻ അല്ലാഹു മാത്രമാണെന്നാണ്. ഇതിൽഅസാധാരണ സഹായംഎന്നില്ലല്ലോ, അപ്പോൾ മറ്റാരോടും സാധാരണ സഹായവും തേടരുത് എന്ന് പറയേണ്ടിവരില്ലേ?

**19. മുഹ് യുദ്ദീൻ ശൈഖി(റ)നെ വിളിക്കുന്ന അതേ വിശ്വാസത്തിൽ മുസ് ലിമിന് ഗുരുവായൂരപ്പനെ വിളിക്കാമോ?**

➢ പാടില്ല, കാരണം അയാൾ നബിയോ വലിയ്യോ അല്ല. അതുകൊണ്ട് ഇസ്തിഗാസ ചെയ്യുമ്പോൾ പ്രതീക്ഷിക്ക പ്പെടുന്ന ഒരു പ്രതീക്ഷക്കും വകുപ്പില്ല, മാത്രമല്ല മറ്റു മതക്കാരുടെ ആരാധനയായതിനാൽ കുഫ്റ് വന്നേക്കാം.

**20. ادعوني استجب لكم (നിങ്ങൾ എന്നോട് ചോദിക്കൂ, ഞാൻ ഉത്തരം നൽകും) എന്നല്ലേ അല്ലാഹു പറഞ്ഞത്. പിന്നെ എന്തിനാണ് മഹാന്മാരോട് സഹായം ചോദിക്കുന്നത്?**

അല്ലാഹു ഉത്തരം നൽകാൻ വേണ്ടി അവൻ ഇഷ്ടപ്പെട്ടവരെ മുൻനിർത്തി ചോദിക്കലും അവൻ നിശ്ചയിച്ച കാരണങ്ങളുമായി ബന്ധപ്പെടലുമാണ് ഇതിഗാസ. അത് അല്ലാഹുവിനെ ഒഴിവാക്കലല്ല. സഹാബികൾ വെള്ളമില്ലാതെ പ്രയാസപ്പെട്ടപ്പോൾ നബി(സ) തങ്ങളെ സമീപിച്ചതും ഇത് കൊണ്ടാണ്.

**21. മഹാന്മാരോടുള്ള ഇസ്തിഗാസ തർക്ക വിഷയമായതിനാൽ അത് ഒഴിവാക്കി എല്ലാവരും അംഗീകരിക്കുന്ന അല്ലാഹുവിനോട് ചോദിക്കലല്ലെ നല്ലത്?**

- അടിസ്ഥാനരഹിതവും വിരോധാഭാസവുമായ തർക്ക ങ്ങൾ ഉണ്ട് എന്നതിന്റെ പേരിൽ ഇസ് ലാം അനുവദിച്ച ഒരു കാര്യം ഒഴിവാക്കേണ്ടതില്ല. മാത്രമല്ല, അത് ഒഴിവാ ക്കിയാൽ ഇസ് ലാമിൽ ശിർക്കല്ലാത്ത ഒരു കാര്യത്തെ ശിർക്കാക്കിയതിന് അംഗീകാരം നൽകലാകും. അതിനാൽ അത് വർദ്ധിപ്പിക്കുകയാണ് വേണ്ടത്.

**22. പല രാജ്യങ്ങളിലും കുഴപ്പങ്ങൾ ഉണ്ടാകുമ്പോൾ അവിടെയുള്ള മഹാൻ ഇടപെട്ട് അത് പരിഹരിക്കാത്തത് എന്തുകൊണ്ട് ?**

- എന്ത്കൊണ്ട് അവിടെ അല്ലാഹു ഇടപെട്ട് പരിഹരിക്കുന്നില്ല.

**23. അല്ലാഹുവിനോട് ചോദിക്കുന്ന എല്ലാ കാര്യങ്ങളും സൃഷ്ടികളോട് ചോദിക്കാൻ പറ്റുമോ ?**

➢ ഒരു കാര്യവും അല്ലാഹുവിനോട് ചോദിക്കുന്ന വീക്ഷണ പ്രകാരം സൃഷ്ടികളോടും, സൃഷ്ടികളോട് ചോദിക്കുന്ന വീക്ഷണ പ്രകാരം അല്ലാഹുവിനോടും ചോദിക്കരുത്. സ്രഷ്ടാവ് എന്ന നിലക്ക് എല്ലാം അല്ലാഹുവിനോട് മാത്രമേ ചോദിക്കാവൂ. എന്നാൽ, കാരണക്കാരൻ എന്ന നിലക്ക് അല്ലാഹു അല്ലാത്തവരോട് എന്ത് ചോദിച്ചാലും ശിർക്കാവുകയില്ല.

**24. ഇസ്തിഗാസ പാടില്ല എന്നതിന് വിരോധികൾ ഓതാറുള്ള ആയത്തുകളുടെ (ഉദാ: لا تدعوا مع الله أحدا ) അല്ലാഹുവിനോട് കൂടെ ആരെയും വിളിക്കരുത്) യാഥാർത്ഥ്യമെന്ത്?**

➢ അത്തരം ആയത്തുകളിൽ അല്ലാഹു അല്ലാത്തവർക്ക് ദിവ്യത്വം കൽപ്പിച്ച് പ്രാർഥിക്കുന്നതിനെ കുറിച്ചാണ് പറഞ്ഞത്. സഹായം ചോദിക്കുന്നതിനെ സംബന്ധിച്ചല്ല.

**25. മുൻ കഴിഞ്ഞ ധാരാളം പ്രവാചകന്മാരുടെ പ്രാർഥനകൾ ഖുർആനിലുണ്ടല്ലോ. അതിലൊന്നും അല്ലാഹു അല്ലാത്തവരോട് പ്രാർഥിച്ചതായി കാണുന്നില്ലല്ലോ?**

➢ അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കണമെന്ന് സുന്നികൾ പറയുന്നില്ല. സഹായം ചോദിക്കാം എന്ന് പറയുന്നു. അത്തരത്തിൽ സഹായം ചോദിച്ചിട്ടുമുണ്ട്. ഉദാ: സുലൈമാൻ നബി (അ) ബിൽകീസിന്റെ സിംഹാസനം മുന്നിൽ എത്തിക്കാൻ സഹായം തേടി: ' أيّكم يأتيني بعرشها (ആരാണ് അവരുടെ സിംഹാ

സനം എനിക്ക് എത്തിക്കുക).' ഇത് അഭൗതിക മാർഗ്ഗത്തിലുള്ള സഹായ തേട്ടമാണല്ലോ? അത് ജീവിച്ചിരിക്കുന്നവരോടും പാടില്ലെന്നാണല്ലോ അവരുടെ വാദം.

**26. നബി(സ)യുടെ വഫാത്തിന് ശേഷം സ്വഹാബികൾക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായപ്പോൾ അവർ എന്തുകൊണ്ട് നബി(സ)യെ വിളിച്ച് സഹായം തേടിയില്ല?**

➢ അവർ എന്ത്കൊണ്ട് അല്ലാഹുവിനോട് സഹായം തേട യില്ല. അവർ നബി(സ)യോട് തേടിയിട്ടില്ല എന്നതിന് തെളിവില്ല.

**27. إياك نستعين നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു എന്നല്ലേ ഖുർആൻ പറയുന്നത്?**

➢ ഈ ആയത്തിൽ അസാധാരണ സഹായം എന്നു പറഞ്ഞിട്ടില്ലല്ലോ? അപ്പോൾ എല്ലാവരും മറ്റുള്ളവരോട് സഹായം തേടുന്നത് ഈ ആയത്തിനെതിരാണെന്ന് പറയേണ്ടിവരും. അത് കൊണ്ട് ആരോട് സഹായം തേടിയാലും സഹായത്തിന്റെ യഥാർത്ഥ ഉടമസ്ഥൻ അല്ലാഹു മാത്രമാണ്. സഹായത്തിന്റെ യഥാർത്ഥ ഉടമസ്ഥൻ എന്ന നിലക്ക് അവനോട് മാത്രമേ സഹായം തേടു ന്നുള്ളൂ എന്നാണ് ഇതിന്റെ അർത്ഥം.

**28. അഭൗതിക മാർഗത്തിൽ അമ്പിയാക്കളും ഔലിയാക്കളും സഹായിക്കുമോ?**

➢ കറാമത്തോ മുഅ്ജിസത്തോ മുഖേനെ അവരിൽ നിന്ന് സഹായം ലഭിക്കും. അത് അഭൗതിക മാർഗ്ഗമാണല്ലോ? അപ്പോ

ൾ അഭൗതിക മാർഗ്ഗത്തിലൂടെ സൃഷ്ടികളിൽ നിന്ന് സഹായം പ്രതീക്ഷിക്കൽ ശിർക്കല്ലെന്ന് വ്യക്തമായി. അവരുദ്ദേശിക്കുമ്പോൾ ചിലപ്പോൾ പ്രകടമാവുമെന്ന് എല്ലാവരും സമ്മതിക്കുന്നതാണല്ലോ.

**29. നബി(സ)യോട് استغفار (ദോഷം പൊറുക്കാൻ) ആവശ്യപ്പെടാമോ?**

➢ അല്ലാഹുവിൽ നിന്ന് പാപമോചനം ലഭിക്കാൻ കാരണക്കാരനെന്ന നിലക്ക് നബി(സ)യെ സമീപിക്കാം. അത് പാപമോചനം ലഭിക്കാൻ കൂടുതൽ സാധ്യതയുള്ളതുമാണ്.

**30. ഇസ്തിഗാസ ചെയ്യപ്പെടുന്ന മഹാന്മാർ അവരെ വിളിക്കുന്ന എല്ലാ വിളികളും കേൾക്കുമോ?**

➢ കേൾക്കാം, കേട്ടില്ലെങ്കിലും ഇസ്തിഗാസ നിഷ്ഫലമാകില്ല. കാരണം, അല്ലാഹുവിന്റെ ഇഷ്ടദാസരെയാണ് വിളിച്ചത് എന്ന നിലയിൽ മഹാൻ അറിയാതെയും അല്ലാഹു സഹായിക്കാം എന്നാണ് നാം വിശ്വസിക്കുന്നത്.

**31. മരണപ്പെട്ടവർ ഭൂമിയിൽ നടക്കുന്ന കാര്യങ്ങൾ വല്ലതും അറിയുമോ?**

➢ അറിയും, നബി(സ) പറഞ്ഞു: ഖബ്റിന്നരികിലൂടെ പോകുന്നവരുടെ ചെരുപ്പിന്റെ ശബ്ദം മയ്യിത്ത് കേൾക്കും.

عَنْ أنسٍ رَضِيَ اللَّهُ عَنْهُ عَنِ النَّبِيِّ صلى الله عليه وسلم قال : الْعَبْدُ إِذَا وُضِعَ فِي قَبْرِهِ وَتُوُلِّيَ وَذَهَبَ أَصْحَابُهُ حَتَّى إِنَّهُ لَيَسْمَعُ قَرْعَ نِعَالِهِمْ (بخاري 1338)

**32. സ്വന്തമായി ചലിക്കാൻ പോലും കഴിയാത്ത മരിച്ചവരെ വിളിക്കുന്നത് വിവരക്കേടല്ലേ?**

➢ നിശ്ചലമായി കാണുന്നത് ശരീരമാണ്. സഹായം തേടുന്നത് ആത്മാവിനോടാണ്. ആത്മാവിന് മരണ ശേഷവും കേൾക്കാൻ കഴിയും.

മയ്യത്ത് കൊണ്ടുപോകുമ്പോൾ അത് ശബ്ദിക്കുമെന്നും മനുഷ്യരും ജിന്നുകളുമല്ലാത്ത എല്ലാവരും അത് കേൾക്കുമെന്നും ഹദീസിലുണ്ടല്ലോ.

**33. അല്ലാഹു പറഞ്ഞല്ലോ 'إنك لا تسمع الموتى' (തങ്ങൾ മരിച്ചവരെ കേൾപ്പിക്കുകയില്ല) എന്ന്. ഇതിന്റെ അർത്ഥം എന്താണ് ?**

➢ ഈ ആയത്തിന്റെ അർത്ഥം 'നബിയേ, തങ്ങൾക്ക് മരണപ്പെട്ടവരെ ഇസ്ലാം സ്വീകരിപ്പിക്കാൻ കഴിയാത്തത് പോലെ ഹൃദയം മരിച്ചുപോയ കാഫിരീങ്ങളെയും ഇസ്‌ലാം സ്വീകരിപ്പിക്കാൻ കഴിയില്ല' എന്നാണ്.

'സമിഅ' എന്നതിനെ സ്വീകരിക്കുക എന്ന അർത്ഥത്തിൽ ഉപയോഗിക്കാറുണ്ട്. 'ഞാൻ പറഞ്ഞാൽ മകൻ കേൾക്കില്ല' എന്ന് ഉമ്മ പറഞ്ഞാൽ അതിന്റെ അർത്ഥം സ്വീകരിക്കില്ല എന്നാ ണല്ലോ.

سَمِعَ اللَّهُ لِمَنْ حَمِدَه എന്ന് നിസ്കാരത്തിൽ പറയുന്നതിന്റെ അർത്ഥം അല്ലാഹുവിനെ ഹംദ് ചെയ്തവനെ അവൻ സ്വീകരിക്കട്ടെ എന്നാണല്ലോ.

**34. മഹാന്മാർക്ക് മരണശേഷം കറാമത്ത് ഉണ്ടാകുമോ ?**

➢ ഉണ്ടാകും, സിദ്ദീഖ്(റ)വിന്റെ കറാമത്തായി ഇമാം റാസി(റ) പറയുന്നത് അവിടുത്തെ മരണ ശേഷം സംഭവിച്ച കറാമത്താണ്. അവരുടെ ജനാസ നബി(സ)യുടെ ഖബ്റിന്റെ സമീപത്ത് കൊണ്ടുവന്നപ്പോൾ നബി(സ)യോട് സമ്മതം ചോദിക്കും വിധം 'അബൂബക്കർ വാതിലിന്റെ അടുക്കലുണ്ട്' എന്ന് പറയപ്പെട്ടു. അപ്പോൾ ഖബ്റിൽ നിന്നും അശരീരി കേട്ടു : 'ഹബീബിനെ ഹബീബിന്റെ അടുക്കലേക്ക് പ്രവേശിപ്പിക്കുക'.

أَمَّا أَبُو بَكْرٍ رَضِيَ اللهُ عَنْهُ فَمِنْ كَرَاماتِهِ ، أَنَّهُ لَمَّا حُمِلَتْ جَنَازَتُهُ إِلَى بَابِ قَبْرِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّم ، وَنُودِيَ: 'السَّلاَمُ عَلَيْكَ يا رَسُولَ اللهِ ، هذا أَبُوبَكْرٍ بِالْبَابِ'. فَإِذًا البَابُ قَدْ انْفَتَحَ ، وَإِذَا بِهَاتِفٍ يَهْتِفُ مِنَ القَبْرِ : 'اَدْخِلُوا الحَبِيب إِلَى الحَبِيبِ'. (الرازي 21-74)

ആസിം(റ) വിന്റെ ശരീരം മരണ ശേഷം ശത്രുക്കൾ മുറിച്ചെടുക്കാൻ ഉദ്ദേശിച്ചപ്പോൾ കടന്നൽ സംരക്ഷിച്ചത് അവർക്ക് മരണ ശേഷം ലഭിച്ച കറാമത്താണ്.

**35. മുഅ്ജിസത്തും കറാമത്തും മഹാന്മാർ ഉദ്ദേശിക്കുമ്പോൾ ഉണ്ടാകുമോ?**

➢ അവർ ഉദ്ദേശിക്കുമ്പോഴും ഉദ്ദേശിക്കാതെയും ഉണ്ടാകും. ജുറൈജ്(റ)വിന് വ്യഭിചാരാരോപണം വന്നപ്പോൾ അതിലുണ്ടായ കുട്ടിയോട് നിന്റെ പിതാവ് ആരാണെന്ന് ചോദിച്ചപ്പോൾ കുട്ടി 'ആട്ടിടയൻ' എന്ന് മറുപടി പറഞ്ഞത് വിശദീകരിച്ച് ഇമാമീങ്ങൾ പറഞ്ഞു: 'മഹാന്മാർ ഉദ്ദേശിക്കുമ്പോൾ കറാമത്ത് സംഭവിക്കുമെന്നതിന്റെ തെളിവാണ് ഈ സംഭവം'.

وَفِيهِ اثْبَاتُ كَرَامَاتِ الْأَوْلِيَاءِ وَوُقُوعُ الكَرَامَةِ لَهُمْ بِاخْتِيَارِهِمْ وَطَلَبِهِمْ (فتح الباري 6-483)

وَفِيهِ أَنَّ كَرَامَاتِ الْأَوْلِيَاءِ قَدْ تَقَعُ بِاخْتِيَارِهِمْ وَطَلَبِهِمْ ، وَهَذَا هُوَ الصَّحِيحُ عِنْدَ اصْحَابِنَا الْمُتَكَلِّمِينَ (شرح مسلم 16-108)

ഇമാം റംലി(റ) പറഞ്ഞു: ഔലിയാക്കളിൽ നിന്ന് അവരുടെ ഉദ്ദേശ്യപൂർവ്വവും അല്ലാതെയും അസാധാരണ കാര്യങ്ങൾ ഉണ്ടാകും.

فَإِنَّ أَهْلَ الْحَقِّ عَلَى أَنَّهُ يَقَعُ مِنَ الْأَوْلِيَاءِ بِقَصْدٍ وَبِغَيْرِ قَصْدٍ أُمُورٌ خَارِقَةٌ لِلْعَادَةِ يُجْرِيهَا اللَّهُ تَعَالَى بِسَبَبِهِمْ (فتاوي الرملي 6-274)

**36. മുഅ്ജിസത്തിന്റെയും കറാമത്തിന്റെയും فاعل (കർത്താവ്) അല്ലാഹുവാണ്. മഹാന്മാർ ചെയ്യുന്നത് സാധാരണ കാര്യങ്ങൾ മാത്രമാണ്. ഉദാ: മൂസാനബി(അ) വടി നിലത്തിട്ടപ്പോൾ പാമ്പായി മാറി. ഇവിടെ മൂസാ നബി(അ) ചെയ്തത് സാധാരണ പ്രവർത്തനമായ വടി നിലത്തിടൽ മാത്രമാണല്ലോ. ഇതിനെ ക്കുറിച്ച് എന്തു പറയുന്നു?**

➢ മുഅ്ജിസത്തും കറാമത്തും മഹാന്മാരെ മാനിച്ച് അല്ലാഹു ചെ യ്യുന്ന അസാധാരണ സംഭവങ്ങളാണ്. എന്നാൽ, അതിന്റെ കാരണക്കാരൻ എന്ന നിലയിൽ അവരിലേക്ക് ചേർത്തി പറയാം. ഉദാ: വടി നിലത്തിട്ടപ്പോൾ പാമ്പായതി നെക്കുറിച്ച് മൂസാ നബി(അ) വടി പാമ്പാക്കി എന്നും, പാറക്കടിച്ച് വെള്ളം വന്നതിനെ കുറിച്ച് മൂസാ നബി(അ) വെള്ളം നൽകി എന്നും പറയാം. നമ്മുടെ കയ്യിൽ നിന്നും ഗ്ലാസ് നിലത്ത് വീണു പൊട്ടിയാൽ നാം ഗ്ലാസ് പൊട്ടിച്ചു എന്ന് പറയാറുണ്ടല്ലോ. നാം നി

sunnahclub.in

ലത്തിടുക മാത്രമാണ് ചെയ്തത്, പൊട്ടിച്ചത് അല്ലാഹുവാണ് എന്ന് ആരും പറയാറില്ലല്ലോ.

നബി(സ) പറഞ്ഞു: 'നിങ്ങളുടെ റുകൂഉം സുജൂദും മനസ്സിലുള്ള ഭക്തിയും എനിക്ക് അവ്യക്തമല്ല.' ഇവിടെ പിന്നിലുള്ളവരുടെ റുകൂഉം സുജൂദും അറിയൽ മുഅ്ജിസത്താണല്ലോ. അതിന്റെ കർത്താവ് നബി(സ) ആണല്ലോ.

**37. മഹാന്മാർക്ക് അദൃശ്യ കാര്യങ്ങൾ അല്ലാഹു അറിയിച്ചു കൊടുക്കും എന്ന് സുന്നികൾ പറയുന്നു. അതിനു തെളിവുണ്ടോ ?**

➢ ഉണ്ട്, അദൃശ്യ കാര്യങ്ങൾ മഹാന്മാർ പറഞ്ഞ ധാരാളം സംഭവങ്ങൾ ഉണ്ടല്ലോ.

1. നബി(സ) പിന്നിൽ നിസ്കരിക്കുന്നവരുടെ ഭക്തി അറിഞ്ഞു. (ബുഖാരി)
2. ബദ്റിന്റെ തലേദിവസം ഓരോ ശത്രുവും മരിച്ചു വീഴുന്ന സ്ഥലം നബി(സ) പറഞ്ഞു. (മുസ്ലിം)

**38. മഹാന്മാർ അദൃശ്യ കാര്യം അറിയുമെങ്കിൽ ഉമർ(റ) വിനെ വധിക്കാൻ ശത്രു വന്നപ്പോൾ എന്തുകൊണ്ട് അറിഞ്ഞില്ല? അറിഞ്ഞിട്ടും തടുക്കാതിരുന്നാൽ ആത്മഹത്യ ആവില്ലേ?**

➢ അവിടെ ശഹീദായി മരിക്കുക എന്ന വലിയ കറാമത്ത് ഉമർ(റ) വിനു നൽകാൻ വേണ്ടി ശത്രുവിനെ കാണുക എന്ന ചെറിയ കറാമത്ത് അല്ലാഹു നൽകിയില്ല. സമയ മാകുമ്പോൾ എല്ലാ

വരും മരിക്കുമല്ലോ. അത് ശഹീദായാവുക എന്നത് വലിയ മഹത്വമാണല്ലോ.

**39. ഞാൻ ഗൈബ് (അദൃശ്യകാര്യം) അറിയുമായിരുന്നെങ്കിൽ ഖൈർ വർധിപ്പിക്കുകയും എനിക്ക് പ്രയാസങ്ങൾ ഉണ്ടാവുകയുമില്ലായിരുന്നു. (188 الأعراف) ഇതിൽ നിന്നും നബി(സ)ക്ക് ഗൈബ് അറിയില്ലെന്ന് വ്യക്തമല്ലേ?**

➢ ഇതിന്റെ അർത്ഥം അല്ലാഹുവിന്റെ ഉദ്ദേശ്യമില്ലാതെ യോ അവൻ അറിയിച്ചു തരാതെയോ അറിയില്ല എന്നാണ്. കാരണം, ഈ ആയത്ത് അവതരിച്ചത് തന്നെ നബി(സ)ക്ക് അദൃശ്യ കാര്യങ്ങൾ അറിയില്ലായെന്ന് മുനാഫിഖുകൾ പറഞ്ഞപ്പോൾ അവിടുന്ന് അദൃശ്യകാര്യം പറഞ്ഞ് കൊടുത്തപ്പോഴാണ്.

ഇമാം റാസി(റ) പറഞ്ഞു: സഹാബികളോടൊന്നിച്ച് ബനുൽ മുസ്ത്വലഖ് യുദ്ധം കഴിഞ്ഞു നബി(സ) തിരിച്ചു വരുമ്പോൾ വഴിയിൽ നല്ല കാറ്റടിച്ചപ്പോൾ അവിടുത്തെ ഒട്ടകം ഓടിപ്പോയി. അപ്പോൾ നബി(സ) ഒട്ടകത്തെ അന്വേഷിക്കാൻ പറയുകയും മദീനയിൽ രിഫാഅത് എന്നയാൾ മരണപ്പെട്ട വിവരം പറയുകയും ചെയ്തു. അപ്പോൾ മുനാഫിഖുകളുടെ നേതാവ് പറഞ്ഞു : 'ഇയാളുടെ കാര്യത്തിൽ നിങ്ങൾക്ക് അത്ഭുതമില്ലേ, മദീനയിലെ മരണ വിവരം പറയുന്നു, സ്വന്തം ഒട്ടകം എവിടെയാണെന്ന് പറയാൻ കഴിയുന്നില്ല.' അപ്പോൾ നബി(സ) പറഞ്ഞു: 'മുനാഫിഖീങ്ങളിൽപെട്ട ചിലർ ഇങ്ങനെ പറയുന്നുണ്ട്, എന്റെ ഒട്ടകം ഈ മലഞ്ചെരുവിൽ അതിന്റെ കടിഞ്ഞാൺ കുടുങ്ങി കിടക്കുന്നുണ്ട്.' സഹാബത് അവിടെ നോക്കിയപ്പോൾ നബി

(സ) പറഞ്ഞത് പോലെകണ്ടു. അപ്പോഴാണ് ഈ ആയത്ത് ഇറങ്ങിയത്.

لما رَجَعَ عَلَيْهِ الصَّلاَةُ وَالسَّلاَمُ مِنْ غَزْوَةِ بَنِي الْمُصْطَلَقِ جَائَتْ رِيحٌ فِي الطَّرِيقِ فَفَرَّتْ الدَّوَابُ مِنْهَا ، فَأَخْبَرَ النَّبِي صَلَّى اللهُ عَلَيْهِ وَسَلَّمَ بِمَوْتِ رِفَاعَةَ بِالْمَدِينَةِ ، وَكَانَ فِيهِ غَيْظٌ لِلْمُنَافِقِينَ ، وَقَال انْظُرُوا أي نَاقَتِي ، فَقَال عَبْدُاللهِ بْنُ أُبَيِّ مَعَ قَوْمِهِ أَلَا تَعْجَبُونَ مِنْ هَذَا الرَّجُلِ يُخْبِرُ عَنْ مَوْتِ رَجُلٍ بِالْمَدِينة وَلَا يَعْرِفُ أَيْنَ نَاقتَهُ ، فَقَالَ عَلَيْهِ السَّلاَةُ وَالسَّلاَمُ إِنَّ نَاسًا مِنَ الْمُنَافِقِين كالوُا كَيْتَ وَكَيْتَ ، وَنَاقَتِي فِي هَذَا الشَّعَبِ قَدْ تَعلَّقَ زِبامُهُ بِشَجَرَةٍ فَوَجَدَهَا عَلَى مَا قَال ، فَأَنْزَلَ اللهُ تَعَالَى قُلْ لا أَمْلِكُ لِنَفْسِى نَفْعًا وَلاَ ضَرًّا إِلاَّ مَا شَاء اللَّهُ (الرازي 15-68)

## 40. ഗൈബിന്റെ വിഷയത്തിൽ സുന്നികളുടെയും ബിദഇകളുടെയും വാദം എന്താണ്?

- ബിദഇകൾ പറയുന്നു: മഹാന്മാർക്ക് അല്ലാഹു അദൃശ്യ കാര്യങ്ങൾ അറിയിച്ചു കൊടുക്കില്ല. കാരണം അദൃശ്യ കാര്യങ്ങൾ അറിയൽ അല്ലാഹുവിന്റെ പ്രത്യേകമായ ഗുണമാണ്.

സുന്നികൾ പറയുന്നു: മഹാന്മാർ ഉദ്ദേശിക്കുമ്പോൾ അല്ലാഹു അദൃശ്യം അറിയിച്ചു കൊടുക്കാം.

എന്നാൽ, അല്ലാഹുവിന്റെ ഖളാഅ് നടപ്പാക്കുന്നതിന്റെ ഭാഗമായി മഹാന്മാർക്ക് ചിലപ്പോൾ അദൃശ്യ കാര്യങ്ങൾ അറിയിച്ചു കൊടുക്കാതിരിക്കാം. അത് കൊണ്ട് അത്തരം സംഭവങ്ങൾ ഉയർത്തിക്കാട്ടി അവർ ഒരിക്കലും ഗൈബ് അറിയില്ലെന്ന് പറയുന്നത് ശരിയല്ല. ആകയാൽ അല്ലാഹു അറിയിച്ച് കൊടുത്താൽ അവർ അറിയും, പലപ്പോഴും അങ്ങനെ അല്ലാഹു അറിയിച്ചു കൊടുക്കാറുമുണ്ട്. പല കാരണങ്ങളാൽ ചിലപ്പോൾ അറിയാതെ വരാം. അറിഞ്ഞത് തന്നെ മഹാന്മാർ വെളിപ്പെടുത്താതെയും വരാം.

**41. ഖുർആനിലും ഹദീസിലും അദൃശ്യ കാര്യങ്ങൾ അല്ലാഹുവിനു മാത്രമേ അറിയുകയുള്ളൂ എന്നുണ്ടല്ലോ. അതിനെക്കുറിച്ച് എന്ത് പറയുന്നു?**

➢ അത് അല്ലാഹു അറിയിച്ചു കൊടുക്കാതെ സ്വന്തമായി അറിയില്ല എന്നും, എല്ലാം പൂർണ്ണമായി അറിയില്ല എന്നുമാണെന്ന് ഇമാം നവവി(റ) പറഞ്ഞിട്ടുണ്ട്. (ഫതാവാ നവവി)

**42. മഹാന്മാരെ തവസ്സുൽ ചെയ്ത് ദുആ ചെയ്യൽ ഇസ്ലാം പഠിപ്പിച്ചതാണോ?**

➢ അതെ, അത് മനുഷ്യോല്പത്തി മുതലുള്ള സദാചാരമാണ്. ആദം നബി(അ) സ്വർഗ്ഗത്തിൽ നിന്ന് മറന്നു കൊണ്ട് വിരോധിക്കപ്പെട്ട പഴം പറിച്ചപ്പോൾ (മറന്നായത് കൊണ്ട് അത് തെറ്റല്ല, എന്നാലും ആദം നബി(അ) യും അല്ലാഹുവും തമ്മിലുള്ള അടുപ്പം കാരണം മറക്കരുതായിരുന്നു. നമ്മുടെ അടുത്ത സുഹൃത്ത് കല്യാണം പറഞ്ഞാൽ അത് മറക്കരുത് എന്നാൽ, അത് മറന്നുപോയാൽ തെറ്റ് ഇല്ലെങ്കിലും നമുക്ക് വലിയ വിഷമം ഉണ്ടാകും. അവനെക്കൊണ്ട് പൊരുത്തപ്പെടീക്കും. ഇതുപോലെയാണ് ഈ സംഭവം) നബി(സ)യെ കൊണ്ട് തവസ്സുൽ ചെയ്ത് ദുആ ചെയ്തു. അപ്പോൾ അല്ലാഹു ചോദിച്ചു ഞാൻ മുഹമ്മദ് നബിയെ പടച്ചിട്ടില്ലല്ലോ? പിന്നെ നിങ്ങൾ എങ്ങനെയാണ് അവരെ അറിഞ്ഞത്? അപ്പോൾ ആദം നബി(അ) പറഞ്ഞു: 'നിന്റെ അർശിന്റെ മുകളിൽ لَا اِلَٰهَ إِلَّا اللهُ مُحَمَّدٌ رَسُولُ اللهِ എന്ന് എഴുതിയത് ഞാൻ കണ്ടു. നിന്റെ പേരിന്റെ കൂടെ നീ ഏറ്റവും ഇഷ്ട പ്പെട്ടവരുടെ പേരാണല്ലോ ചേർക്കുക എന്ന് ഞാൻ

മനസ്സിലാക്കിയതാണ്'. അങ്ങനെ തവസ്സുൽ ചെയ്ത കാരണത്താൽ അല്ലാഹു പൊറുത്തുകൊടുത്തു.

قَال رَسُولُ اللّهِ صلى الله عليه وسلم : لَمَّا اقْتَرَفَ آدَمُ الخَطِيئَةَ قَالَ يا رَبِّ أسْأَلُكَ بِحَقِّ مُحَمَّدٍ لَمَّا غَفَرْتَ لِي فَقَالَ اللهُ : يا آدمُ وَ كَيْفَ عَرَفْتَ مُحَمَّدًا وَ لَمْ أَخْلُقْهُ ؟ قَالَ : يارَبِّ لِأنكَ لَمَّا خَلَقْتَنِي بِيَدِكَ وَ نَفَخْتَ فِيَّ مِنْ رُوحِكَ وَ رَفَعْتُ رَأْسِي فَرَأَيْتُ عَلَى قَوَائِمِ العَرْشِ مَكْتُوبًا لَا إلَهَ إلّا اللّهُ مُحَمَّدٌ رَسُولُ اللهِ، فَعلِمْتُ أَنّكَ لَمْ تُضِفْ إلَى اسْمِكَ إلّا أحَبَ الخَلْقِ. فَقَالَ اللهُ : صَدَقْت يا آدمُ، إنَّهُ لَأحَب الخَلْقِ إلَيَّ، اُدْعُنِي بِحَقِّهِ، فَقَدْ غَفَرْتُ لَكَ، وَ لَوْلَا مُحَمَّدٌ مَا خَلَقْتُكَ. هَذَا حديثٌ صحِيحُ الإسْنَادِ (المستدرك 4228)

## 43. കർമ്മങ്ങളെ മുൻനിർത്തി ദുആ ചെയ്യാമെന്നും, വ്യക്തികളെ തവസ്സുലാക്കൽ അനിസ് ലാമികമാണെന്നും പുത്തൻ വാദികൾ പറയുന്നത് ശരിയാണോ?

➢ ശരിയല്ല, കാരണം വ്യക്തിയും കർമ്മവും അല്ലാഹുവിന്റെ സൃഷ്ടിയാണ്. മാത്രമല്ല വ്യക്തികളെ കൊണ്ട് തവസ്സുൽ ചെയ്താൽ ഫലത്തിൽ അവരുടെ കർമ്മം കൊണ്ട് തവസ്സുലാക്കലാണ്. ഉദാ: ഒരാൾ മുതലാളിയുടെ വീട്ടിൽ ജോലി ചെയ്ത് വിരമിച്ച്, പത്തു വർഷം കഴിഞ്ഞ് അയാളുടെ വീടു നിർമ്മാണാവശ്യാർത്ഥം അതേ മുതലാളിയുടെ വീട്ടിലേക്ക് തിരികെ വരുമ്പോൾ പറയും: 'ഞാൻ ഇവിടെ പത്ത് വർഷം മുമ്പ് ജോലി ചെയ്ത ആളാണ്'. ഇത് അയാൾ ചെയ്ത കർമ്മം കൊണ്ടുള്ള തവസ്സുലാണ്. വന്നത് അയാളുടെ മകനാണെങ്കിൽ പറയും: 'എന്റെ പിതാവ് ഇവിടെ ജോലി ചെയ്തിരുന്നു'. ഇത് വ്യക്തിയെ കൊണ്ടുള്ള തവസ്സുലാണ്. എന്നാൽ, ഫലത്തിൽ ഇത് പിതാവിന്റെ കർമ്മം കൊണ്ടുള്ള തവസ്സുലാണ്.

**44. നബി(സ)യെ തവസ്സുൽ ചെയ്ത് ദുആ ചെയ്യണമെന്ന് ഇമാമുമാർ പഠിപ്പിച്ചിട്ടുണ്ടോ?**

➢ അതെ, ഇമാം നവവി(റ) പറഞ്ഞു: നബി(സ)യെ സിയാറത്ത് ചെയ്യുമ്പോൾ നബി(സ)യെ തവസ്സുലാക്കുകയും അവിടുത്തെ കൊണ്ട് ശുപാർശ തേടുകയും ചെയ്യണം. (ശറഹുൽ മുഹദ്ദബ്)

**45. ഉറുക്ക് കെട്ടാൻ വല്ല തെളിവുമുണ്ടോ?**

➢ ഉണ്ട്, ഭയത്തിൽ നിന്ന് മോചനം ലഭിക്കാൻ നബി(സ) പഠിപ്പിച്ച ദിക്റ് അബ്ദുല്ലാഹിബ്നു അംറ്(റ) ബുദ്ധി തികഞ്ഞ കുട്ടികൾക്ക് പഠിപ്പിച്ചു കൊടുക്കുകയും അല്ലാത്തവർക്ക് ഉറുക്ക് എഴുതി കെട്ടിക്കൊടുക്കുകയും ചെയ്തു.

عَنْ عَمْرِو بْنِ شُعَيْبٍ عَنْ أَبِيهِ عَنْ جَدِّهِ ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم كَان يُعلمهُمْ مِنَ الْفَزَعِ كَلِمَاتٍ أَعُوذُ بِكَلِمَاتِ اللَّهِ التَّامَّةِ مِنْ غَضَبِهِ وَشَرِّ عِبَادِهِ وَمن هَمَزاتِ الشَّيَاطِينِ وَأَنْ يَحْضُرُونِ ، وَكَانَ عَبْدُ اللَّهِ بْنُ عَمْرٍو يُعَلِّمُهُنَّ مَنْ عَقَلَ مِنْ بَنِيهِ وَمَنْ لَمْ يَعْقِلْ كَتَبَهُ فَأَعْلَقَهُ عَلَيْهِ. (أبو داود 3895)

**46. പിഞ്ഞാണമെഴുതുന്നതിനെകുറിച്ചും ഉറുക്കിനെക്കുറിച്ചും ഇബ്നു തൈമിയ്യ പറഞ്ഞതെന്താണ്?**

➢ രോഗികൾക്കും അല്ലാത്തവർക്കും ഖുർആനും ദിക്റുകളും എഴുതി കുടിപ്പിക്കൽ അനുവദനീയമാണ്. അലി (റ) പറഞ്ഞു: ഉറുക്ക് എഴുതി സ്ത്രീകളുടെ കഴുത്തിൽ കെട്ടണം. നാം അത് പരീക്ഷിച്ചപ്പോൾ അത്ഭുതകരമായ ഫലം ലഭിച്ചു. (മജ്മൂഅ് ഫതാവാ)

**47. മന്ത്രം നിരുത്സാഹപ്പെടുത്തിയ ഹദീസുകൾ ഉണ്ടല്ലോ. അതിനെ എങ്ങനെ കാണുന്നു?**

➢ അത് ജാഹിലിയ്യ കാലത്ത് മുശ് രിക്കുകൾ വിശ്വസിച്ചത് പോലെ മന്ത്രത്തിനും ഉറുക്കിനും സ്വന്തത്തിൽ (അല്ലാഹുവിന്റെ ഉദ്ദേശ്യമില്ലാതെ) വല്ല കഴിവുമുണ്ടെന്ന് വിശ്വസിച്ചോ, അവിശ്വാസികളുടെ വാചകങ്ങൾ കടമെടുത്തോ, ഖുർആനും ഹദീസുമല്ലാത്ത അറിയപ്പെടാത്തതും അർത്ഥം അറിയാത്തതുമായ വാചകങ്ങൾ ഉപയോഗിച്ചോ നടത്തപ്പെടുന്ന മന്ത്രമാണ്. (ശറഹു മുസ്ലിം, ശറഹുൽ മുഹദ്ദബ്)

الْمَدْحُ فِى تَـرْكِ الرقَى الْمُرَادُ بِهَا الرقَى الَّتِى هِيَ مِنْ كَلَامِ الكُفَّارِ ، وَالرقَى المَجْهُولَةُ وَالتي بِغَيْرِ العَرَبِيَّةِ وَمَالَا يُعْرَفُ مَعْنَاهَا ، فَهَذِهِ مَذْمُومَةٌ لاحْتِمَالِ ان مَعْنَاهَا كُفْرٌ أَوْ قَرِيبٌ مِنْهُ أَوْ مَكْرُوهٌ. (شرح مسلم 7-325)

وَيَحْتَمِلُ أَنْ يَكُونَ ذَلِكَ وَمَا أَشْبَهَ مِنَ النَّهْيِ وَالكَرَاهَةِ فِيمَنْ يَعْلِقُهَا وَهُوَ يَرَى تَمَامَ العَافِيَةِ وَزَوَالَ العِلَّةِ بِهَا عَلَى مَا كَانَتْ عَلَيْهِ الْجَاهِلِيَّةُ ، وَأَمَّا مَنْ يَعلِقُهَا مُتَبَرِّكًا بِذِكْرِ اللهِ تَعَالَى فِيهَا وَهُوَ يَعْلَمُ أَنْ لا كَاشِفَ لَهُ اِلّا اللهُ وَلَا دَافِعَ عَنْهُ سِوَاهُ فَلَا بَأسَ بِهَا اِنْ شَاءَ اللهُ تَعَالَى. (شرح المهذب 9-66)

**48. സുന്നികൾ ചെയ്യുന്ന പല നല്ല കാര്യങ്ങളെക്കുറിച്ചും ബിദ്അത്താണെന്ന് എതിരാളികൾ പറയാറുണ്ട്. എന്താണ് യഥാർത്ഥത്തിൽ ബിദ്അത്ത്?**

➢ നബി(സ) ചെയ്യാത്ത കർമ്മങ്ങളെല്ലാം ബിദ്അത്താണെന്ന തെറ്റായ ധാരണയിൽ നിന്നാണ് ഇത് പറയുന്നത്. എന്നാൽ ഇസ്ലാമിക പ്രമാണങ്ങൾക്ക് വിരുദ്ധമായി പുതുതായി ഉണ്ടാ

ക്കുന്ന കർമ്മങ്ങളാണ് പിഴച്ച ബിദ്അത്ത്. സുന്നികൾ ചെയ്യുന്ന കർമ്മങ്ങൾ ആ ഇനത്തിൽ പെട്ടതല്ല.

**49. ഇസ്ലാമിക പ്രമാണങ്ങൾക്കെതിരായ പുതിയ ആചാരങ്ങളെ ഉദാഹരിക്കാമോ?**

➢ അതെ,

1. ഖുതുബ അനറബി ഭാഷയിൽ നിർവഹിക്കുക.
2. സ്ത്രീകൾ പൊതു പള്ളിയിൽ ജമാഅത്തിന് പോകൽ പുണ്യമാണെന്ന വാദം.

**50. നബി(സ) ചെയ്യാത്ത വല്ലതും പുത്തൻവാദികൾ ചെയ്യുന്നുണ്ടോ?**

➢ ഉണ്ട്,

1. നബി(സ) ഖുതുബയിൽ സ്വലാത്ത് ചൊല്ലിയതായി ഹദീസുകളിലില്ല. ബിദഇകൾ അവരുടെ പള്ളിയിൽ നിന്നും ചൊല്ലുന്നു.
2. തസ്ബീത്ത് ചൊല്ലുമ്പോൾ ഒരാൾ ചൊല്ലിക്കൊടുത്ത് മറ്റുള്ളവർ ഏറ്റ് ചൊല്ലുന്നു. അങ്ങിനെ നബി(സ) മാതൃക കാണിച്ചിട്ടില്ല.

നബി(സ) ചെയ്യാത്തതെല്ലാം ബിദ്അത്താണെങ്കിൽ അവർ ചെയ്യുന്ന ഈ രണ്ട് കാര്യങ്ങളും ബിദ്അത്താവേണ്ടതാണ്.

**51. നബി(സ) പറഞ്ഞു: كل بدعة ضلالة (എല്ലാ പുതിയതും പിഴച്ചതാണ്). അപ്പോൾ നബി(സ)യുടെ കാലത്തില്ലാ ത്ത ഹദ്ദാദ്, മൗലിദ് തുടങ്ങിയവയും അതിൽ പെടില്ലേ?**

➢ പെടില്ല, കാരണം പ്രമാണങ്ങൾക്കെതിരായി പുതുതായി ഉണ്ടാക്കുന്ന കാര്യങ്ങളാണ് പിഴച്ച ബിദ്അത്ത്. ബുഖാരി, മുസ്ലിം തുടങ്ങിയ ഹദീസ് കിതാബുകളും നബി(സ)യുടെ കാലത്തില്ലല്ലോ? അതും ഒഴിവാക്കേണ്ട തുണ്ടോ? അത് നബി(സ)യുടെ ഹദീസുകൾ ഒരുമിച്ചു കൂട്ടിയതാണ് എന്നാണെങ്കിൽ അതു പോലെയാണ് ഹദ്ദാദും. കാരണം, അത് നബി(സ) പഠിപ്പിച്ച ദിക്റുകൾ ഒരുമിച്ച് കൂട്ടിയതാണ്. അല്ലാതെ പുതിയ ദിക്റുകൾ അല്ല. മൗലിദ് എന്നാൽ നബി(സ) തങ്ങളുടെ മദ്ഹ് പറയലാണ്. അതും നബി(സ) തങ്ങളുടെ കാലത്തുള്ള താണ്.

**52. എപ്പോഴും ചെയ്യാവുന്ന കാര്യങ്ങൾക്ക് പ്രത്യേകം സമയവും രൂപവും നിശ്ചയിക്കുമ്പോൾ അത് ബിദ്അത്താകുമെന്ന് ചിലർ പറയുന്നു. ഇത് ശരിയാണോ?**

➢ ശരിയല്ല. എപ്പോഴും ചെയ്യാവുന്ന കർമ്മങ്ങൾക്ക് സമയം നിശ്ചയിക്കാമെന്ന് ഇമാം നവവി(റ) പറഞ്ഞിട്ടുണ്ട്.

നബി(സ) എല്ലാ ശനിയാഴ്ചയും മസ്ജിദ് ഖുബാഅ് സന്ദർശിക്കാറുണ്ട് എന്ന ഹദീസ് വിശദീകരിച്ച് ഇമാം നവവി(റ) പറയുന്നു: فِيهِ جَوَازُ تَخْصِيصِ بَعْضِ الأَيَّامِ لِلزِيَارَةِ (സിയാറത്തിനു ചില ദിവസങ്ങൾ നിശ്ചയിക്കാമെന്ന് ഈ ഹദീസിൽ നിന്നും മനസ്സിലാകും).

പക്ഷേ, ആ സമയത്തിനോ രൂപത്തിനോ ഇസ്ലാമികമായ പ്രത്യേകതയുണ്ടെന്ന് വിശ്വസിക്കരുത്. എന്നാൽ, അത് നിശ്ച

യിച്ചത് മഹാനായ വ്യക്തിയാ ണെങ്കിൽ ആ മഹാനെ അനുസരിക്കുക എന്ന നില യിൽ ആ സമയത്തിനും രൂപത്തിനും പുണ്യം കൂടുതൽ ലഭിക്കും.

**53. നബി(സ) ചെയ്യാത്ത ജുമുഅയുടെ രണ്ടാം ബാങ്ക് സുന്നികൾ ചെയ്യുന്നു. അപ്പോൾ സുന്നികളല്ലേ മുബ്തദിഉകൾ?**

➢ ഉസ്മാൻ(റ) ആണ് ആ ബാങ്ക് നടപ്പാക്കിയതെന്ന് ബുഖാരിയിലുണ്ട്. ഉസ്മാൻ(റ) മുബ്തദിഅ് ആണോ? നബി(സ)യുടെ വാക്കിൽ നിന്നും പ്രവൃത്തിയിൽ നിന്നും അത് തെറ്റല്ല എന്ന് മനസ്സിലാക്കിയത് കൊണ്ടാണ് ഒരു സഹാബിയും അതിനെ എതിർക്കാതിരുന്നത്.

**54. നബി(സ) ഓതിയ മൗലിദ് ഏതായിരുന്നു? (മൻഖൂസ്, ശറഫൽ അനാം, സുബഹാന)**

➢ നബി(സ) ഓതിക്കൊടുത്ത ഹദീസ് കിതാബ് ഏത്? (ബുഖാരി, മുസ്ലിം, തുർമുദി)

നബി(സ)യുടെ ഹദീസുകൾ പിന്നീട് ഇമാമുകൾ ക്രോഡീകരിച്ചത് പോലെ നബി(സ)യും സഹാബത്തും പഠിപ്പിച്ച അവിടുത്തെ മദ്ഹുകൾ ക്രോഡീകരിച്ചതാണ് മൗലിദുകൾ.

**55. നബി(സ)ക്ക് വഹ്,യല്ലാത്ത അസാധാരണത്വം അവിടുത്തെ കേൾവിയിലോ കാഴ്ചയിലോ ഇല്ലെന്നാണ് ബിദഇകൾ പറയുന്നത്. അത് ശരിയാണോ?**

➢ ശരിയല്ല, നബി(സ)ക്ക് അസാധാരണ കേൾവി നബിയാകുന്നതിന്റെ മുമ്പ് തന്നെ ഉണ്ടായിരുന്നു. അവിടുന്നു പറഞ്ഞു: 'ഞാൻ നബിയാവുന്നതിനു മുമ്പ് എനിക്ക് സലാം പറയാറുള്ള മക്കയിലെ കല്ലുകളെ എനിക്കി പ്പോഴുമറിയാം'.

قال رَسُولُ اللَّهِ صلى الله عليه وسلم : إِنِّي لأَعْرِفُ حَجَرًا بِمَكَّةَ كَانَ يُسَلِّمُ عَلَى قَبْلَ أَنْ أُبْعَثَ ، إِنِّي لأَعْرِفُهُ الآنَ. (مسلم 6078)

ഇവിടെ നബിയാവും മുമ്പ് എന്ന് പറഞ്ഞതിൽ നിന്നും വഹ്‌ഷ യല്ലാത്ത പ്രത്യേകതയാണെന്ന് വ്യക്തമായി.

**56. അസാധാരണ വഴിയിലൂടെ ഗുണം പ്രതീക്ഷിക്കലാണല്ലോ ബറക്കത്തെടുക്കൽ. അതിന് ഇസ് ലാമിൽ മാതൃകയുണ്ടോ?**

➢ ഉണ്ട്, അനസുബ്നു മാലിക്(റ) പറഞ്ഞു: നബി(സ) ഞങ്ങളുടെ അടുക്കൽ വന്നു. അവിടുന്ന് ഉറങ്ങിയപ്പോൾ വിയർത്തു. അപ്പോൾ എന്റെ ഉമ്മ സുഗന്ധത്തിന്റെ കുപ്പിയുമായി വന്ന് വിയർപ്പ് തുടച്ചെടുക്കാൻ തുടങ്ങി. പെട്ടെന്ന് നബി(സ) ഉണർന്നു അവിടുന്ന് ചോദിച്ചു: 'ഉമ്മുസുലൈം, നീ എന്താണ് ചെയ്യുന്നത്?' മറുപടി ഇപ്രകാരമായിരുന്നു: 'ഇത് അങ്ങയുടെ വിയർപ്പാണ്. ഞങ്ങൾ ഇതിനെ ഞങ്ങളുടെ സുഗന്ധത്തിൽ ചേർക്കാറുണ്ട്. അത് ഏറ്റവും നല്ല സുഗന്ധമാണ്'. മറ്റൊരു റിപ്പോർട്ടിൽ മഹതി പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾ ഇത് കൊണ്ട് ഞങ്ങളുടെ കുട്ടികൾക്ക് ബറകത്ത് ആഗ്രഹിക്കുന്നു'. നബി(സ) അത് ശരിവെക്കുകയും ചെയ്തു.

عَنْ أَنَسِ بْنِ مَالِكٍ قَالَ : دَخَلَ عَلَيْنَا النَّبِيُّ صلى الله عليه وسلم ، فَقَالَ عِنْدَنَا فَعَرِقَ ، وَجَاءَتْ أُمِّي بِقَارُورَةٍ ، فَجَعَلَتْ تَسْلُتُ الْعَرَقَ فِيهَا ، فَاسْتَيْقَظَ

النَّبِيّ صلى الله عليه وسلم فَقَال : يَا أُمَّ سُلَيْمٍ ، مَا هَذَا الَّذِى تَصْنَعِين ؟ قَالَتْ : هَذَا عَرَقُكَ نَجْعَلُهُ فِى طِيبِنَا ، وَهُوَ مِنْ أَطْيَبِ الطِّيبِ. (مسلم 6201)

وَفِي رِوَايَةٍ لِمُسْلِمٍ أَيْضًا فَقَالَتْ : يا رَسُولَ اللَّهِ نَرْجُو بَرَكَتَهُ لِصِبْيَانِنَا ، قَالَ : أَصَبْتِ. (6202)

## 57. നബി(സ)യുടെയും മറ്റ് മഹാന്മാരുടെയും മദ്ഹ് പറയൽ പ്രോത്സാഹിപ്പിക്കപ്പെടാൻ കാരണമെന്ത് ?

➢ നബി(സ)യുടെയും മഹാന്മാരുടെയും മദ്ഹ് പറയൽ പല കാരണങ്ങളാൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

1. ഏത് പ്രസ്ഥാനത്തിന്റെയും വളർച്ച നേതാവിനെ പുകഴ്ത്തൽ കൊണ്ടും, തകർച്ച നേതാവിനെ ഇകഴ്ത്തൽ കൊണ്ടുമാണ്. അത് കൊണ്ടാണ് നബി(സ)യെ സ്വന്തം അനുയായികൾ പുകഴ്ത്തിയപ്പോൾ അവിടുന്ന് പ്രോത്സാഹിപ്പിച്ചതും, പുകഴ്ത്താൻ നിർദ്ദേശിച്ചതും, എതിരാളികൾ ഇകഴ്ത്താൻ ശ്രമിച്ചപ്പോൾ മറുപടി പറയാൻ പറഞ്ഞതും.

2. അല്ലാഹു ഖുർആനിൽ പറഞ്ഞ وَرَفَعْنَا لَكَ ذِكْرَكَ (അങ്ങയുടെ സ്മരണ നാം ഉയർത്തി) എന്നതിലെ ഉയർച്ചയുടെ ഭാഗമാണ് ഉമ്മത്തുകൾ അവിടുത്തെ പുകഴ്ത്തിപ്പറയൽ. ഇമാം റാസി(റ) പറയുന്നു: അങ്ങ യുടെ സ്മരണ നാം ഉയർത്തി എന്നത് ഈ ലോകത്ത് അങ്ങയുടെ അനുയായികളെ വർദ്ധിപ്പിക്കുകയും, അവർ അങ്ങയെ പുകഴ്ത്തുകയും, അങ്ങയുടെ മേൽ സ്വലാത്ത് ചൊല്ലുകയും, അങ്ങയുടെ സുന്നത്ത് സംരക്ഷിക്കുകയും ചെയ്യലാണ്.

وَرَفَعْنَا لَكَ ذِكْرَكَ ، كَأَنَّهُ تَعَالَى يَقُولُ أَمْلأُ العَالَمَ مِنْ أَتْبَاعِكَ كُلُّهُمْ يَثْنُونَ عَلَيْكَ وَيُصَلُّونَ عَلَيْكَ وَيَحْفَظُونَ سُنَّتَكَ. (الرازي 32-6)

3. നബി(സ)യെ സ്നേഹിക്കണമെന്ന് ഇസ്ലാം പഠിപ്പിച്ചു. സ്നേഹം പ്രകടിപ്പിക്കുന്നതിന്റെ ഭാഗമാണ് മദ്ഹ് പറയൽ. സ്നേഹിക്കുന്നവരെക്കുറിച്ച് പറയലും സ്മരിക്കലും മനുഷ്യസഹജമാണ്. ചെയ്യാതിരിക്കാനാവില്ല.

**58. 'കോഴിയുടെ എല്ലിന് ജീവൻ നൽകി' എന്നത് പോലുള്ള ഉണ്ടാകുമോ എന്ന് സംശയിക്കുന്ന പല അത്ഭുത സംഭവങ്ങളും മാലകളിലും മൗലിദുകളിലും ഉണ്ടല്ലോ. എന്ത് പറയുന്നു?**

➢ ഉണ്ടാകുമോ എന്ന് അത്ഭുതം തോന്നുന്നതാണ് കറാമത്ത്. അഥവാ, പ്രഥമദൃഷ്ട്യാ അംഗീകരിക്കാൻ പ്രയാസമുള്ളത്.അത് കൊണ്ട് മാലകളിലും മൗലൂദുകളിലും ഉള്ള കറാമത്ത് കണ്ട് ഇങ്ങനെയൊക്കെ ഉണ്ടാകുമോ? എന്ന ചോദ്യത്തിന് പ്രസക്തിയില്ല. കാരണം അങ്ങനെ തോന്നുന്നതാണ് കറാമത്ത്.

**59. സുന്നി മദ്രസകളിൽ നടക്കുന്ന നബിദിന പരിപാടിയിൽ നബി(സ) വന്നാൽ എന്ത് സംഭവിക്കും?**

➢ 1. അവിടുത്തെ മദ്ഹ് പാടിയ കുട്ടികൾക്ക് സമ്മാനം നൽകും. കഅ്ബ്(റ) മദ്ഹ് പാടിയപ്പോൾ ശാൾ സമ്മാനം നൽകിയിട്ടുണ്ട്.

2. ആ കുട്ടികൾക്ക് ദുആ ചെയ്തുകൊടുക്കും. ഹസ്സാൻ(റ) മദ്ഹ് പാടിയപ്പോൾ ദുആ ചെയ്തുകൊടുത്തത് ബുഖാരിയിലുണ്ട്.

3. സ്റ്റേജ് ഒരുക്കിക്കൊടുക്കും. ഹസ്സാൻ(റ)വിന് മദ്ഹ് പാടാൻ പള്ളിയിൽ സ്റ്റേജ് ഒരുക്കിയത് തിർമുദി ഉദ്ദരിച്ച ഹദീസിലുണ്ട്.

sunnahclub.in

**60. വല്ലവനും മൗലിദ് സദസ്സ് ഉദ്ദേശിച്ചാൽ അവൻ സ്വർ ഗ്ഗത്തോപ്പിനെയാണ് ഉദ്ദേശിച്ചത് എന്ന് സിറി സിഖ്തി(റ) പറയാൻ കാരണമെന്ത്?**

➢ നബി(സ)യോടുള്ള സ്നേഹം കാരണമായി മാത്രമാണ് അവൻ അത് ഉദ്ദേശിക്കുന്നത്. നബി(സ) പറഞ്ഞു: വല്ലവനും എന്നെ സ്നേഹിച്ചാൽ അവൻ എന്റെ കൂടെ സ്വർഗ്ഗത്തിലാണ്.

**61. നബിദിനാഘോഷം എന്താണെന്ന് പറയേണ്ടത് അത് ആഘോഷിക്കുന്ന സുന്നികളാണല്ലോ. എന്താണ് നബി ദിനാഘോഷം?**

➢ നബി(സ) ജനിച്ചതിലുള്ള സന്തോഷ പ്രകടനവും അവിടു ത്തോടുള്ള സ്നേഹവും ബഹുമാനവും പ്രകടിപ്പിക്കലുമാണ് നബിദിനാഘോഷം. അതൊരു പുതിയ ഇബാദത്തല്ല.

**62. സ്നേഹ ബഹുമാന പ്രകടനങ്ങൾക്ക് നബി(സ)യും സഹാബത്തും മാതൃക കാണിക്കാത്ത പുതിയ രൂപങ്ങൾ ഉണ്ടാക്കാമോ?**

➢ സ്നേഹ ബഹുമാന പ്രകടനങ്ങൾക്ക് നിശ്ചിത രൂപം ഇസ്ലാം നിർദ്ദേശിക്കുന്നില്ല. അത്കൊണ്ട് വിരോധിക്കപ്പെടാത്ത ഏത് രൂപത്തിലും സ്നേഹവും ബഹുമാനവും പ്രകടിപ്പിക്കാം. അറിവ് പഠിപ്പിക്കാൻ നിശ്ചിത രൂപം ആകണമെന്ന് ഇസ്‌ലാം പറയാ ത്തത് കൊണ്ട് നബി(സ) പഠിപ്പിക്കാത്ത രൂപത്തിൽ നമ്മൾ പ ഠിപ്പിക്കു ന്നത് പോലെ. (മദ്രസ, കോളേജുകൾ)

സഹാബത്തും മുൻഗാമികളും വ്യത്യസ്ത രൂപത്തിലാണ് സ്നേഹ ബഹുമാന പ്രകടനങ്ങൾ നടത്തിയിരുന്നത്. അത്കൊണ്ട് ഇന്നു നാം നടത്തുന്ന രൂപത്തിൽ നബി(സ)യോ സഹാബത്തോ നബിദിനാഘോഷം നടത്തിയോ എന്ന ചോദ്യത്തിന് പ്രസക്തിയില്ല. (കാരണം സ്നേഹ ബഹുമാന പ്രകടനത്തിന് നിശ്ചിത രൂപം പഠിപ്പിക്കാത്തത് കൊണ്ട് ഏത് രൂപത്തിലുമാവാം).

സ്നേഹ പ്രകടനത്തിന് പുതിയ രൂപമുണ്ടാക്കി യപ്പോൾ നബി(സ) അംഗീകരിച്ചതിന് ഉദാഹരണമാണ് മസ്ജിദ് ഖുബാഇൽ ഇമാമായിരുന്ന സഹാബി എല്ലാ റകഅത്തിലും സൂറത്തുൽ ഇഖ്ലാസ് ഓതുന്നു എന്ന പരാതി നബി(സ)യുടെ അടുക്കൽ എത്തിയപ്പോൾ നബി(സ) സഹാബിയോട് 'നിങ്ങളെ ഇങ്ങനെ ഓതാൻ പ്രേരിപ്പിച്ചതെന്താണ്?' എന്ന് ചോദിച്ചതും, 'ഞാൻ അതിനെ സ്നേഹിക്കുന്നു' എന്ന് അവർ മറുപടി പറഞ്ഞപ്പോൾ 'അതിനോടുള്ള സ്നേഹം നിന്നെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിച്ചിരിക്കുന്നു' എന്ന് നബി(സ) പ്രതികരിച്ചതും.

كانَ رَجُلٌ مِنَ الانصَارِ يَؤُمّهُم فِي مَسْجِدِ قُبَاءٍ ، وَكَانَ كُلَّمَا افْتَتَحَ سُورَةً يَقْرأُ بِهَا لَهُمْ فِي الصّلَاةِ مِمَا يَقْرأُ بِهِ افْتَتَحَ قُلْ هُوَ اللهُ أَحَد حَتَّى يَفْرُغَ مِنْهُ ثُمَّ يَقْرأُ سُورَةً أُخْرَى مَعَهَا ، وَكَانَ يَصْنَعُ ذَلِكَ فِي كُلّ رَكَعَةٍ ، فَكَلَّمَهُ أَصْحَابُهُ ، فَقَالُوا: إِنَّكَ تَفْتَتِحُ بِهَذِهِ السُّورةِ ، ثُمَّ لاَ تَرَى أَنَّهَا تُجْزِئُكَ حَتَّى تَقْرأَ بِأُخْرَى ، فَإِمَّا اَنْ تَقْرأَ بِهَا وَإِمَّا اَنْ تَدعَهَا وَتَقْرأَ بِأُخْرَى ، فَقَالَ: مَا أَنَا بِتَارِكِهَا إِنْ أَحْبَبْتُمْ أَنْ أَؤُمَّكُمْ بِذَلِكَ فَعَلْتُ وَإِنْ كَرِهْتُمْ تَرَكْتُكُمْ ، وَكَانُوا يَرَوْنَ أَنّهُ مِنْ أَفْضَلِهِمْ وَكَرِهُوا أَنْ يَؤُمَّهُمْ غَيْرُهُ ، فَلَمَّا أَتَاهُم النَّبِيُّ صَلّى اللهُ عَلَيْهِ وَسَلّم أَخْبَرُوهُ الخَبَرَ، فَقَالَ: يَا فُلَانُ مَا يَمْنَعُكَ أَنْ تَفْعَلَ مَا يَأْمُرُكَ بِهِ أَصْحَابُكَ ، وَمَا يَحْمِلُكَ عَلَى لُزُومِ هَذِهِ السُّورَةِ فِي كُلِّ رَكَعَةٍ ، فَقَالَ : إِنّي أُحِبُّهَا ، فَقَالَ : حُبُّكَ إِيّاهَا اَدْخَلَكَ الجَنَّة. **(بخاري 774)**

'എനിക്കാണല്ലോ ഇഖ്‌ലാസ് സൂറത്ത് ഇറങ്ങിയത്, ഞാൻ സ്നേഹിച്ചത് പോലെ സ്നേഹിച്ചാൽ പോരെ?' എന്ന് നബി (സ) ചോദിച്ചില്ല. അത്കൊണ്ട് സ്നേഹ പ്രകടനത്തിന് പുതിയ രൂപം ഉണ്ടാക്കിയാൽ അത് അംഗീകരിക്കലാണ് നബി(സ)യുടെ സുന്നത്തെന്നും എതിർക്കൽ സുന്നത്തിനെതിരാണെന്നും മനസ്സിലായി. അത്കൊണ്ട് നബിദിനാഘോഷം എതിർക്കലാണ് ബിദ്അത്ത്. കാരണം, അത് സനേഹ പ്രകടനത്തിനെ എതിർക്കലാണ്.

**63. നബിദിനാഘോഷത്തെ കുറിച്ച് ഇബ്നു തൈമിയ്യ പറഞ്ഞതെന്താണ്?**

➢ മൗലിദിനെ ആദരിക്കലും അതിനെ ഉത്സവമാക്കലും പല ജനങ്ങളും ചെയ്യാറുണ്ട്. അവർക്ക് നല്ല ഉദ്ദേശ്യവും നബി(സ)യോടുള്ള ആദരവും ഉള്ളതിനാൽ വലിയ പ്രതിഫലം ലഭിക്കും.

فَتَعْظِيمُ الْمَوْلِدِ وَاتِخَاذُهُ مَوْسِمًا قَدْ يَفْعَلُهُ بَعْضُ النَّاسِ ، وَيَكُونُ لَهُ فِيهِ أَجْرٌ عَظِيمٌ لِحُسْنِ قَصْدِهِ وَتَعْظِيمِهِ لِرَسُولِ اللهِ صَلَى اللهُ عَلَيْهِ وَسَلَّمْ. **(اقتضاء الصراط المستقيم 2-126)**

**64. നമ്മളെക്കാൾ നബി(സ)യെ സ്നേഹിച്ച സഹാബികൾ ഇങ്ങനെ നബിദിനം ആഘോഷിച്ചിരുന്നോ? ഇല്ലെങ്കിൽ അവർ സ്നേഹിച്ചത് പോലെ നമുക്കും സ്നേഹിച്ചാൽ പോരെ?**

➢ അവർ സ്നേഹം പ്രകടിപ്പിച്ചത് പോലെ പ്രകടിപ്പിക്കാൻ നമുക്ക് കഴിയില്ല. അതിനാൽ നമുക്ക് കഴിയും വിധം നാം പ്രകടിപ്പിക്കുന്നു. അവർ ശരീരവും സമ്പത്തും എല്ലാം നബി(സ)ക്ക് ന

ൽകിയാണ് സ്നേഹം പ്രകടിപ്പിച്ചത്. അത് നമ്മുടെ നബിദിനാഘോഷത്തേക്കാൾ എത്രയോ മുകളിലാണ്.

സ്നേഹ പ്രകടനത്തിനു നിശ്ചിത രൂപം ഇല്ലാത്ത തിനാൽ അവർ ഇങ്ങനെ പ്രകടിപ്പിച്ചില്ലല്ലോ എന്ന ചോദ്യം അപ്രസക്തമാണ്.

**65. നബി(സ)യോടുള്ള സ്നേഹം പ്രകടിപ്പിക്കലാണ് നബിദിനാഘോഷമെങ്കിൽ റബീഉൽ അവ്വൽ 12ന് തന്നെ ആഘോഷിക്കുന്നതിൽ പ്രത്യേകതയുണ്ടോ?**

➢ ജന്മദിനം ആഘോഷിക്കാൻ ജനിച്ച ദിനമാകുന്നതിൽ പ്രത്യേകതയുണ്ട് എന്ന് പറയേണ്ടതില്ലല്ലോ? ജനുവരിയിൽ ജനിച്ചയാളുടെ ജന്മദിനം ജനുവരിയിൽ ആഘോഷിക്കുന്നതിൽ പ്രത്യേകതയുണ്ടോ? എന്ന ചോദ്യം പോലെയാണിത്.

**66. റബീഉൽ അവ്വൽ 12ന് സുന്നികൾ ചെയ്യുന്ന കർമ്മങ്ങൾക്ക് പ്രതിഫലം കൂടുതൽ ലഭിക്കുമോ?**

➢ ലഭിക്കും, കാരണം അത് നബി(സ)യോടുള്ള സ്നേഹപ്രകടനത്തിന്റെ ഭാഗമായാണ് ചെയ്യുന്നത്. ആ പരിഗണന കൊണ്ട് പ്രതിഫലം കൂടുതൽ ലഭിക്കും.

**67. റബീഉൽ അവ്വൽ 12ന് തന്നെയല്ലേ നബി(സ)യുടെ വഫാത്തും അത് കൊണ്ട് അന്ന് സന്തോഷിക്കാമോ?**

➢ ഈ ചോദ്യത്തിന് ഇമാം സുയൂതി(റ)നൽകിയ മറുപടി: നബി(സ)യുടെ ജനനം നമുക്ക് വലിയ അനുഗ്രഹമാണ്. അവിടു

ത്തെ വഫാത്ത് വലിയ മുസീബത്തുമാണ്. ഇസ്ലാമിക ശരീഅത്ത് അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കാനും മുസീബത്തുകൾ മറച്ചുവെക്കാനും ക്ഷമിക്കാനുമാണ് പ്രേരിപ്പിക്കുന്നത്.

جَوَابُهُ أَنْ يُقَالَ أَوَّلًا أَنَّ وِلاَدَتَهُ صَلى اللهُ عَلَيْهِ وَسَلّم أَعْظَمُ النِّعَمِ عَلَيْنَا ، وَوَفَاتُهُ أَعْظَمُ المَصَائِبِ لَنَا ، وَالشَّرِيعَةُ حَثَّتْ عَلَى إِظْهَارِ شُكْرِ النِّعَمِ وَالصَّبْرِ وَالسَّلْوَانِ وَالكَتْمِ عِنْدَ المَصَائِبِ. **(الحاوي للفتاوي 193)**

അതിനാൽ അനുഗ്രഹമായ ജനനം ആഘോഷിക്കുന്നു, വഫാത്തിലുള്ള ദുഃഖം മറച്ചുവെക്കുകയും ചെയ്യുന്നു.

ദുഃഖാചരണം ഇസ്ലാമിൽ ഇല്ല. അത്കൊണ്ട് നബിദിനം ആഘോഷിച്ചാൽ രണ്ടു പ്രതിഫലം ലഭിക്കും, നബി(സ)യുടെ ജനനത്തിൽ സന്തോഷിച്ചതിനും വഫാത്തിന്റെ ദുഃഖം മറച്ചുവെച്ചതിനും.

**68. നബി(സ) മുൻകഴിഞ്ഞ ഏതെങ്കിലും പ്രവാചകന്റെ ജന്മദിനമാഘോഷിച്ചോ?**

➢ അതെ, ആദം നബി(അ)യുടെ ജന്മദിനമായത് കൊണ്ടുമാണ് വെള്ളിയാഴ്ച ആഘോഷദിനമായി കൊണ്ടാടുന്നത്. നബി(സ) തങ്ങളും അത് ആഘോഷിച്ചു.

**69. നബി(സ) ജനിച്ച തിങ്കളാഴ്ച ദിവസത്തിൽ നോമ്പെടുക്കാനല്ലേ അവിടുന്ന് പഠിപ്പിച്ചത്. അതിന് എതിര് കാണിക്കുകയല്ലേ സുന്നികൾ?**

➢ അല്ല, സുന്നികൾ തിങ്കളിലെ നോമ്പിനെതിരല്ല. അവർ നോമ്പ് നോൽക്കാറുമുണ്ട്. ആഴ്ചയിലെ ആഘോഷത്തിനാണ് നബി (സ) നോമ്പ് പഠിപ്പിച്ചത്. റബീഉൽ അവ്വൽ 12ന് നബി(സ) പ്ര

ത്യേകം നോമ്പ് പഠിപ്പിച്ചിട്ടില്ല. അത്കൊണ്ടാണ് റബീഉൽ അവ്വൽ 12ന് സുന്നികൾ പ്രത്യേകം നോമ്പെടുക്കാത്തത്. എന്നാൽ എപ്പോഴും സുന്നത്തുള്ള മദ്ഹ്, ധർമ്മം പോലുള്ളത് 12ന് ചെയ്യുന്നു. എപ്പോഴും സുന്നത്തുള്ള സുന്നത്ത് നോമ്പും അനുഷ്ഠിക്കാം.

**70. ഖുലഫാഉ റാഷിദുകൾ ആരെങ്കിലും ഇങ്ങനെ നബി ദിനം ആഘോഷിച്ചോ?**

➢ നബിദിനം നബി(സ)യോടുള്ള സ്നേഹപ്രകടനവും ബഹുമാന പ്രകടനവുമാണ്. അത് നമുക്ക് ചെയ്യാൻ സഹാബത്ത് ചെയ്ത രൂപത്തിൽ തന്നെ ചെയ്യണമെന്നില്ല. (മുകളിൽ തെളിവ് സഹിതം വിവരിച്ചിട്ടുണ്ട്)

**71. നബിദിനാഘോഷം ഹിജ്റ 300നു ശേഷം വന്നതാണെന്ന് തഴവ മൗലവി പറയുന്നു. എല്ലാ പുതിയതും പിഴച്ചതാണെന്ന് നബി(സ)യും പറഞ്ഞു. അപ്പോൾ നബിദിനം പിഴച്ചതാണെന്നു വരില്ലേ?**

➢ ഇല്ല, കാരണം നബിദിനാഘോഷം സ്നേഹ ബഹുമാന പ്രകടനത്തിന്റെ ഒരു രൂപമാണ്. സ്നേഹ ബഹുമാന പ്രകടനത്തിനു പുതിയ രൂപമുണ്ടാക്കിയാൽ അത് അംഗീകരിക്കലാണ് നബി (സ)യുടെ സുന്നത്ത്. അത് കൊണ്ടാണ് ഇത് പുണ്യകർമ്മമാണെന്ന് ഇബ്നു തൈമിയ്യ അടക്കം പറഞ്ഞത്.

**72. ഖുതുബ അറബിയിലാകണമെന്നതിന് എന്താണ് തെളിവ്?**

➤ ഇമാം നവവി(റ) പറയുന്നു: ഖുതുബ അറബിയിലായിരിക്കൽ ശർത്താണ്. കാരണം, അത് അത്തഹിയാത്തും തക്ബീറത്തുൽ ഇഹ്റാമും പോലെ ഫർളായ ദിക്ർ ആണ്. മാത്രമല്ല, നബി(സ) പറഞ്ഞു: 'ഞാൻ നിസ്കരിക്കുന്നത് നിങ്ങൾ എപ്രകാരം കണ്ടു വോ അപ്രകാരം നിങ്ങൾ നിസ്കരിക്കുക.' നബി(സ) അറബിയിൽ ഖുതുബ ഓതിയായിരുന്നു നിസ്കരിച്ചി രുന്നത്.

(فرع) هَلْ يُشْتَرَطُ كَوْنُ الخُطْبَةِ بِالعَرَبِيَّةِ ، فِيهِ طَرِيقَانِ (اَصَحّهُمَا) وبه قطع الجمهور يشترط ، لِاَنَّهُ ذِكْرٌ مَفْرُوضٌ ، فَشُرِطَ فِيهِ العَرَبِيَّةُ ، كَالتشَهّدِ وَتَكْبِيرَة الاحرام ، مع قوله صلي اللّٰهُ عَلَيْهِ وَسَلَّم 'صَلّوا كَمَا رَأَيْتُمُونِى أُصَلِّي' ، وَكَانَ يَخْطُبُ بالعربية. (شرح المهذب 4-521)

**73. നബി(സ)യുടെയും സ്വഹാബത്തിന്റെയും ഖുതുബ ശ്രോതാക്കളായ എല്ലാവർക്കും മനസ്സിലായിരുന്നില്ലേ ?**

➤ ഇല്ല, അറബി അറിയുന്നവർക്ക് മാത്രമേ മനസ്സിലായിരുന്നുള്ളൂ.

**74. നബി(സ) അവരുടെ നാട്ടിലെ മുഖ്യ ഭക്ഷണം സക്കാത്ത് നൽകി. നമ്മൾ നമ്മുടെ മുഖ്യഭക്ഷണവും നൽകുന്നു. അത് പോലെ അവർ അവരുടെ മാതൃഭാഷയിൽ ഖുതുബ നിർവഹിച്ചു. അത്കൊണ്ട് നമ്മൾ നമ്മുടെ മാതൃഭാഷയിലല്ലേ ഓതേണ്ടത് ?**

➤ ഇസ് ലാമിൽ ഔദ്യോഗിക മുഖ്യ ഭക്ഷണമില്ല. എന്നാൽ ഇസ് ലാമിന്റെ ഔദ്യോഗിക ഭാഷയാണ് അറബി. സഹാബത്ത് വി

വിധ നാടുകളിൽ പോയപ്പോൾ അവിടുത്തെ മുഖ്യ ഭക്ഷണം സക്കാത്ത് കൊടുത്തു. പക്ഷേ, അവർ ഖുതുബയുടെ ഭാഷ മാറ്റിയിട്ടില്ല. കാരണം, സക്കാത്ത് നാട്ടിലെ മുഖ്യ ഭക്ഷണമാകണമെന്നും, ഖുതുബ ഓരോ നാട്ടിലെയും ഭാഷയാവരുത്, അറബി തന്നെയാവണമെന്നും സഹാബത്ത് മനസ്സിലാക്കി.

**75. സ്ത്രീകൾ പൊതു ജമാഅത്തിന് പങ്കെടുക്കുന്ന വിഷയത്തിൽ സുന്നികളുടെയും ബിദഇകളുടെയും വീക്ഷണമെന്ത് ?**

➢ സ്ത്രീകൾ ജുമുഅഃ ജമാഅത്തുകളിൽ പങ്കെടുക്കാൻ പുറപ്പെട്ട് പോകുന്നത് പുണ്യമാണെന്ന് ബിദഇകളും, അവർക്ക് അങ്ങനെ പുറപ്പെട്ട് പോകുന്നതിൽ പുണ്യമില്ല, മറിച്ച് അവരുടെ വീടാണ് അവർക്ക് നിസ്കരിക്കാൻ ഉത്തമമെന്ന് സുന്നികളും പറയുന്നു.

**76. സ്ത്രീകൾ പൊതു ജമാഅത്തിൽ പങ്കെടുക്കുന്നത് അല്ലാഹുവും റസൂലും സഹാബികളും നിരുത്സാഹപ്പെടുത്തിയെന്ന് സുന്നികൾ പറയാറുണ്ട്. വിവരിക്കാമോ?**

➢ സൂറത്തു തൗബയിലും സൂറത്തുന്നൂറിലും പള്ളിയെ കുറിച്ച് പറഞ്ഞപ്പോൾ 'പുരുഷന്മാർ' എന്നു അല്ലാഹു പ്രത്യേകം പറഞ്ഞു. അതിനു കാരണം ഇമാമുകൾ പറയുന്നു: 'സ്ത്രീകൾ പള്ളിയിലെ ജമാഅത്തിന് പോകേണ്ടവരല്ലാത്തതിനാലാണ് അല്ലാഹു പുരുഷന്മാർ എന്നു പ്രത്യേകം പറഞ്ഞത്.'

നബി(സ)യോട് പള്ളിയിൽ വരാൻ സമ്മതം ചോദിച്ച് വന്ന സ്ത്രീകളെ നിരുത്സാഹപ്പെടുത്തിയതും അവർക്ക് വീടാ

ണുത്തമമെന്ന് പറഞ്ഞതും, ഇബ്നു മസ്ഊദ്(റ) സ്ത്രീകളെ ചരൽക്കല്ല് വാരിയെറിഞ്ഞ് പള്ളിയിൽ നിന്ന് പുറത്താക്കിയ തും ഹദീസിലുണ്ട്. ഇതുകൊണ്ടാണ് അല്ലാഹുവും റസൂലും സഹാബികളും നിരുത്സാഹപ്പെടുത്തിയെന്ന് പറയുന്നത്.

**77. ചില സ്വഹാബി വനിതകൾ പള്ളിയിൽ പോകാൻ സ മ്മതം ചോദിച്ചതും പോയതും ചരിത്രത്തിൽ ഉണ്ടല്ലോ. എന്തു പറയുന്നു?**

➢ സാധാരണ സ്ത്രീകൾ പള്ളിയിൽ പോകാത്തതിനാലാണ് ചുരു ക്കം ചിലർ പോയത് ചരിത്രത്തിൽ വന്നത്. അങ്ങനെ വന്നത് ചുരുക്കം ചില സ്ത്രീകൾ മാത്രമാണെന്നും അവർ വന്നത് വീടാ ണുത്തമമെന്ന് അറിയാത്തതിനാലാണെന്നും ഇബ്നു തൈമി യ്യയും ശൗകാനിയും പറഞ്ഞിട്ടുണ്ട്.

**78. സ്ത്രീകൾ പള്ളിയിൽ പോകുന്ന വിഷയത്തിൽ ഇമാം ശാഫിഈ (റ) പറഞ്ഞതെന്താണ് ?**

➢ ഇമാം ശാഫിഈ(റ) പറയുന്നു: നബി(സ)യുടെ കൂടെ അവി ടുത്തെ കുടുംബക്കാരായ സ്ത്രീകളും പെൺമക്കളും ഭാര്യമാരും സേവകരും ഉണ്ടായിരുന്നു. പക്ഷെ, അവരാരും ജുമുഅക്കോ ജമാഅത്തിനോ പകലോ രാത്രിയോ പുറത്ത് പോയതായി എനിക്കറിയില്ല. മുൻ ഗാമികളായ ഒരുമുസ്ലിമും അവരുടെ ഭാര്യ മാരോട് ജുമുഅക്കോ ജമാഅത്തിനോ രാത്രിയോ പകലോ പോകാൻ പറഞ്ഞതായി എനിക്കറിയില്ല. സ്ത്രീകൾക്ക് പള്ളിയി ലേക്ക് പോകുന്നതിൽ വല്ല പുണ്യവുമുണ്ടായിരുന്നെങ്കിൽ അ

വർ ഭാര്യമാരോട് കൽപിക്കുകയും സമ്മതം നൽകുകയും ചെയ്യുമായിരുന്നു.

وَقَدْ كَان مَعَ رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمْ نِسَاءٌ مِنْ أَهْلِ بَيْتِهِ وَبنَاتِهِ وَأَزْوَاجِهِ وَمَوْلَيَاتِهِ وَخَدَمِهِ وَخَدَمِ أَهْلِ بَيْتِهِ ، فَمَا عَلِمْتُ مِنْهُنَّ امْرَأَةً خَرَجَت إِلَى شُهُودِ جُمُعَةٍ ، وَلَا إِلَى جَمَاعَةٍ غيرِهَا فِى لَيْلٍ أَوْ فِى نَهَارٍ ، وَمَا أَشُكّ أَنَّهُنَّ كُنَّ عَلَى الخيرِ بِمَكَانِهِنَّ مِنْ رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّم ، وَمَا عَلِمْتُ أَحَدًا مِنْ سَلَفِ المُسْلِمِين أَمَرَ أَحدًا مِنْ نِسَائِهِ بِإِتْيَانِ جُمُعَةٍ وَلَا جَمَاعَةٍ مِنْ لَيْلٍ وَلَا نَهَارٍ ، ولو كَان لَهُنَّ فِي ذَلِكَ فَضْلٌ أُمَرُوهُنَّ بِهِ ، وَأذِنُوا لَهُنَّ إِلَيْهِ ، بَلْ قَدْ روي وَاللهُ أَعْلَمَ عَنِ النَّبِيِّ صَلَى اللهُ عَلَيْهِ وَسَلَمْ أَنَّهُ قَالَ : صَلَاةُ المَرْأَةِ فِي بَيْتِهَا خَيْرٌ مِنْ صَلَاتِهَا فِي حُجْرَتِهَا ، وَصَلَاتُهَا فِي حُجْرَتِهَا خَيْرٌ مِنْ صَلَاتِهَا فِي المَسْجِدِ أَوِ المَسَاجِدِ. **(اختلاف الحديث 145,146)**

നബി(സ)യുടെ കാലത്ത് സ്ത്രീകൾ വ്യാപകമായി പോയിരുന്നെങ്കിൽ ശാഫിഈ ഇമാമിന്റെ മുമ്പ് എപ്പോഴാണ് അത് നിലച്ചത്?

കേരളത്തിൽ സഹാബത്തിന്റെ കാലം മുതൽ ഇസ്ലാം ഉണ്ടായിട്ട് ആദ്യമായി സ്ത്രീകൾ പള്ളിയിലേ ക്ക് പോയത് 1940 ന് ശേഷമാണ്. നൂറ്റാണ്ടുകളോളം സ്ത്രീകൾ പള്ളിയിൽ പോയിരുന്നില്ല. സഹാബികളുടെ കാലത്ത് നിർമ്മിച്ച പള്ളികളിൽ അവർ അതിന് സൗകര്യം ഒരുക്കിയിട്ടുമില്ല.

**79. ഉമർ(റ)വിന്റെ ഭാര്യ ആതിഖ(റ) പള്ളിയിൽ പോയതായി അവരുടെ ചരിത്രത്തിൽ ഉണ്ടല്ലോ?**

➢ അത് ഉമർ(റ)വിന് വലിയ വെറുപ്പായിരുന്നു എന്ന് ബുഖാരിയിലുണ്ട്.

عَـنْ ابْـنِ عُمَـرَ قَـالَ كَانَـتْ امْـرَأَةٌ لِعُمَـرَ تَشْـهَدُ صَلَاةَ الصّـبْحِ وَالْعِشَـاءِ فِي الْجَمَاعَـةِ فِي الْمَسْجِدِ، فَقِيلَ لِمَ تَخْرُجِينَ وَقدْ تَعْلَمِينَ أَنَّ عُمَرَ يَكْرَه ذلِكَ وَيَغار. **(بخاري 849)**

മാത്രമല്ല ഉമർ(റ) ആതിഖ(റ)യെ വഴിയിൽവെച്ച് അടിക്കുകയും പിന്നീട് പള്ളിയിൽ പോകൽ അവസാനി പ്പിക്കുകയും ചെയ്തു എന്ന് ചരിത്രത്തിലുണ്ട്.

تزوّجَ عُمَرُ بْنُ الخطاب عَاتِكَةَ بِنْت زَيْدِ بْنِ عمرو بْنِ نُفيلٍ ، وَهِيَ ابْنَةُ عَمِّهِ ، وَكَانَ لَهَا مُحِبّا وَلَهَا مُعْجَبًا ، وَكَانَ لَا يَمْنَعُهَا مِنَ الخُرُوجِ إِلَى الصَّلَةِ. وَيَكْرَهُ خُرُوجَهَا فَجَلَسَ لَهَا ذَات ليلة فِي الطَرِيقِ فِي ظُلْمَةٍ فَلَمَّا مَرَّتْ ضَرَبَ بِيَدِهِ عَلى عَجْزِهَا فَرَجَعَتْ إِلَى مَنْزِلِهَا وَلَمْ تخْرُجْ بَعْدَ ذَلِكَ. **( البداية والنهاية لابن كثير 6-389)**

ആതിഖ(റ) പള്ളിയിൽ പോയത് സാധാരണ സ്ത്രീകൾ പള്ളിയിൽ പോകാറല്ല എന്നതിന്റെ തെളിവാണ്. കാരണം എല്ലാവരും പോകാറുണ്ടായിരുന്നുവെങ്കിൽ അത് ചരിത്രത്തിൽ വരുമായിരുന്നില്ല, സിദ്ദീഖ്(റ) പള്ളിയിൽ പോകാറുണ്ടെന്ന് അവരുടെ ചരിത്രത്തിൽ ഇല്ലല്ലോ? കാരണം എല്ലാ പുരുഷന്മാരും പോകുന്നത് കൊണ്ടാണ്.

## 80. ഭാര്യമാർ പള്ളിയിൽ പോകാൻ സമ്മതം ചോദിച്ചാൽ തടയരുതെന്ന് നബി(സ) പറഞ്ഞല്ലോ ?

➢ സ്ത്രീകൾക്കും ജമാഅത്തിന് പോകൽ പുണ്യമായിരുന്നെങ്കിൽ പോകണം എന്ന് അവരോടോ, പള്ളിയിലേക്കയക്കണമെന്ന് ഭർത്താക്കന്മാരോടോ പറയുമായിരുന്നു. അങ്ങനെ പറയാതിരുന്നത് അവർക്ക് പുണ്യമില്ലാത്തതിനാലാണ്.

ഇതിന് വിശദീകരണമായി ഇമാം ശാഫിഈ(റ) പറഞ്ഞു: തടയരുത് എന്ന് പറഞ്ഞത് ഫർളായ ഹജ്ജിന് മസ്ജിദുൽ ഹറാമിൽ പോകുന്നതിനെ കുറിച്ചാണ്.

**81. സുന്നികൾ നിസ്കാരശേഷം കൂട്ടു പ്രാർത്ഥന നടത്താനുള്ള കാരണമെന്ത് ?**

➢ നിസ്കാര ശേഷം ദുആ സുന്നത്താണ്. ഉത്തരം ലഭിക്കാൻ കൂടുതൽ പ്രതീക്ഷയുള്ളതുമാണ്. എന്നാൽ, ദുആ ഒറ്റക്കും കൂട്ടമായും നിർവ്വഹിക്കാം. രണ്ട് രൂപത്തിലായാലും ദുആഇന്റെ പുണ്യം ലഭിക്കും. പക്ഷേ കൂട്ടമായുള്ള ദുആ ഉത്തരം ലഭിക്കാൻ കൂടുതൽ സാധ്യതയുള്ളതാണ്. നബി(സ) പറഞ്ഞു: 'ഒരു സംഘം ആളുകൾ ഒരുമിച്ച് കൂടി ചിലർ ദുആ ചെയ്യുകയും മറ്റു ചിലർ ആമീൻ പറയുകയും ചെയ്താൽ അല്ലാഹു ഉത്തരം ചെയ്യാതിരിക്കില്ല.'

وَأَخْرَجَ الْحَاكِمُ عَنْ حَبِيبِ بْنِ مَسْلَمَةَ الْفِهْرِيِّ سَمِعْتُ رَسُولَ اللَّه صَلَّى اللَّه عَلَيْهِ وَسَلَمَ يَقُولُ : لَا يَجْتَمِعُ مَلَأ فَيَدْعُو بَعْضُهُمْ وَيُؤَمن بَعْضُهُمْ إِلَّا أَجابَهُم الله تَعَالَى. **(فتح الباری 11-200)**

ആകയാൽ ഉത്തരം ലഭിക്കാൻ കൂടുതൽ സാധ്യത ഉള്ളതിനാലാണ് സുന്നികൾ നിസ്കാര ശേഷം കൂട്ടുപ്രാർത്ഥന നടത്തുന്നത്.

**82. മരണപ്പെട്ടവരുടെ പേരിൽ ഖുർആൻ ഓതൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണോ? ആണെങ്കിൽ എന്തുകൊ ണ്ട് ?**

➢ മരണപ്പെട്ടവരുടെ പേരിൽ ഖുർആൻ ഓതൽ പല കാരണങ്ങളാൽ പ്രോത്സാഹിക്കപ്പെടേണ്ടതാണ്.

1. ഖുർആൻ ഓതുന്ന സ്ഥലത്ത് റഹ്മത്ത് ഇറങ്ങും. അല്ലാഹു പറഞ്ഞു: 'ഖുർആൻ ഓതപ്പെട്ടാൽ ശ്രദ്ധിച്ച് കേൾക്കുകയും മിണ്ടാതിരിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിക്കാൻ'.

وَإِذَا قُرِئَ الْقُرْآنُ فَاسْتَمِعُوا لَهُ وَأَنْصِتُوا لَعَلَّكُمْ تُرْحَمُونَ (الاعراف 204)

2. ഖുർആൻ ഓതുന്ന സ്ഥലത്ത് മലക്കുകളും അല്ലാഹുവിന്റെ സമാധാനവും ഇറങ്ങും.

**باب نُزُولِ السَّكِينَةِ وَالْمَلاَئِكَةِ عِنْدَ قِرَاءَةِ الْقُرْآنِ**

وَقَال اللَّيْثُ : حَدَّثَنِي يَزِيدُ بْنُ الْهَادِ عَنْ مُحَمَّدِ بْنِ إِبْرَاهِيمَ عَنْ أُسَيْدِ بْنِ حُضَيْرٍ قَالَ: بَيْنَمَا هُوَ يَقْرَأُ مِنَ اللَّيْلِ سُورَةَ الْبَقَرَةِ وَفَرَسُهُ مَرْبُوطٌ عِنْدَهُ إِذْ جَالَتِ الْفَرَسُ ، فَسَكَتَ فَسَكَتَتْ ، فَقَرَأَ فَجَالَتِ الْفَرَسُ ، فَسَكَتَ وَسَكَتَتِ الْفَرَسُ ، ثُمَّ قَرَأَ فَجَالَتِ الْفَرَسُ فَانْصَرَفَ ، وَكَان ابْنُهُ يَحْيَى قَرِيبًا منها ، فَأَشْفَقَ أَنْ تُصِيبَهُ ، فَلَمَّا اجْتَرَّهُ رَفَعَ رَأْسَهُ إِلَى السَّمَاءِ حَتَّى مَا يَرَاهَا ، فَلَمَّا أَصْبَحَ حَدَّثَ النَّبِيَّ صلوات الله عليه وسلم ، فَقَال: اقْرَأْ يا ابْنَ حُضَيْرٍ ، اقْرَأْ يا ابْنَ حُضَيْرٍ ، قَالَ فَأَشْفَقْتُ يا رَسُولَ اللهِ أَنْ تطأَ يَحْيَى وَكَانَ مِنْهَا قَرِيبًا فَرَفَعْتُ رَأْسِي فَانْصَرَفْتُ إِلَيْهِ ، فَرَفَعْتُ رَأْسِي إِلَى السَّمَاءِ ، فَإِذَا مِثْلُ الظُّلَّةِ فِيهَا أَمْثَالُ الْمَصَابِيحِ فَخَرَجَتْ حَتَّى لاَ أَرَاهَا قَالَ وَتَدْرِي مَا ذَاكَ قَالَ : لاَ قَال تِلْكَ الْمَلاَئِكَةُ دَنَتْ لِصَوْتِكَ ، وَلَوْ قَرَأْتَ لأَصْبَحَتْ يَنْظُرُ النَّاسُ إِلَيْهَا لا تَتَوَارَى مِنْهُمْ **(بخاري 5018)**

മലക്കുകളുടെ സാന്നിധ്യവും സമാധാനവും റഹ്മത്തും ഏറ്റവും കൂടുതൽ ആവശ്യമുള്ളവരാണ് മയ്യിത്തും മയ്യിത്തിന്റെ കുടുംബവും. അത്കൊണ്ട് മയ്യിത്തിന്റെ സമീപത്തും മരണ വീട്ടിലും ഖുർആൻ ഓതുന്നത് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

3. ഖുർആൻ ഓതിയുള്ള ദുആ ഉത്തരം ലഭിക്കാൻ കൂടുതൽ സാധ്യതയുള്ളതാണ്. മരണപ്പെട്ടവർക്ക് ദുആ ചെയ്താൽ ഉപകരിക്കുമെന്നതിൽ തർക്ക വുമില്ലല്ലോ.

ഇമാം ശാഫിഈ(റ) വ്യക്തമാക്കി പറഞ്ഞു :മയ്യിത്തി ന്റെ സമീപത്ത് സാധ്യമാവുന്നത്ര ഖുർആൻ ഓതലും, അതിന്റെ യുടനെ ദുആ ചെയ്യലും പുണ്യ കർമ്മമാണ്. കാരണം, ഖുർആൻ ഓതിയുള്ള ദുആ ഉത്തരം പ്രതീക്ഷിക്കപ്പെടുന്ന തും മയ്യിത്തിന് ഓത്തിന്റെ ബറകത് ലഭിക്കുന്നതുമാണ്.

وَقَدْ نَصَّ الشَّافِعِيُّ وَالأَصْحَابُ عَلَى نَدْبِ قِرَاءَةِ مَا تَيَسَّرَ عِنْدَ الْمَيِّتِ وَالدُّعَاءِ عَقِبَهَا ، أَيْ لِأَنَّهُ حِينَئِذٍ أَرْجَى لِلإِجَابَةِ ، وَلِأَنَّ المَيِّتَ تَنالُهُ بَرَكَةُ القِرَاءَةِ ، كَالحَيِّ الحَاضِرِ (فتح المعين 329)

**83. അല്ലാഹു പറഞ്ഞത് أن ليس للإنسان إلا ما سعي (മനുഷ്യന് അവൻ പ്രവർത്തിച്ചതല്ലാതെ ഇല്ല) എന്നാണല്ലോ. അപ്പോൾ ഖുർആൻ ഓതിയാൽ അവർക്ക് ഉപകരിക്കുമോ ?**

➢ അവൻ പ്രവർത്തിക്കാത്തതൊന്നും ഉപകരിക്കില്ലെങ്കിൽ എന്തിനാണ് മയ്യിത്ത് നിസ്കരിക്കുന്നത്. അതിന്റെ ഫലം മയ്യിത്തിന് ലഭിക്കുകയില്ലേ? മക്കൾ ഏത് സത്കർമ്മം ചെയ്താലും അതിന്റെ ഫലം മാതാപിതാക്കൾക്ക് ലഭിക്കുമെന്ന് ഹദീസിൽ വന്നിട്ടുണ്ട്.

മനുഷ്യന് അവൻ പ്രവർത്തിച്ചതെയുള്ളൂ എന്ന് പറഞ്ഞാൽ അവന് അവകാശമായി (അല്ലാഹു അവ ന്റെ ഔദാര്യമായി നൽകുമെന്ന് പറഞ്ഞ) അത് മാത്രമേയുള്ളൂ എന്നാണ്. മറ്റുള്ളവർ നൽകിയാൽ ലഭിക്കില്ല എന്ന് അർത്ഥമില്ല.

ഒരാളുടെ പേരിൽ മറ്റൊരാൾ ധർമ്മം ചെയ്യുന്നതും ഖുർആൻ ഓതുന്നതും ആ രൂപത്തിൽ അവൻ ജീവിച്ചത് കൊണ്ടാണ്. അത് അവന്റെ سَعْي (അധ്വാനം) ആണ് . سَعْي (പരിശ്രമം) ചെയ്യാത്തത് കൊണ്ടാണ് വഹാബികളുടെ പേരിൽ ഒന്നും ചെയ്യാത്തത്.

**84. ഖബ്റിന്റെ സമീപത്ത് വെച്ച് ഖുർആൻ ഓതുന്നതിൽ വല്ല പ്രത്യേകതയും ഉണ്ടോ ?**

ഉണ്ട്, നബി(സ) രണ്ട് ഖബ്റിന്റെ സമീപത്ത് കൂടെ നടന്നു പോകുമ്പോൾ പറഞ്ഞു: 'ഈ രണ്ടാളുകളും ശിക്ഷിക്കപ്പെടുകയാണ്. ഒരാൾ നമീമത്ത് പറഞ്ഞു നടക്കുന്നയാളായിരുന്നു, രണ്ടാമൻ മൂത്രിച്ചാൽ വേണ്ട വിധം വൃത്തിയാക്കാത്തയാളും.' അങ്ങനെ ഒരു പച്ച ഈത്തപ്പന മട്ടൽ കൊണ്ടുവരാൻ പറഞ്ഞു. അത് രണ്ട് ഭാഗമാക്കി രണ്ട് ഖബ്റിന്റെ മുകളിലും കുത്തി വെച്ച് നബി(സ) പറഞ്ഞു: 'ഇത് ഉണങ്ങാതിരിക്കുവോളം അവരുടെ ശിക്ഷ ലഘൂകരിക്കപ്പെട്ടേക്കും.'

عَنْ ابْنِ عَبَّاسٍ قَالَ : مَرَّ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ عَلَى قَبْرَيْنِ ، فَقَالَ : أَمَا إِنَّهُمَا لَيُعَذَّبَانِ ، وَمَا يُعَذَّبَانِ فِي كَبِيرٍ ، أَمَّا أَحَدُهُمَا فَكَانَ يَمْشِي بِالنَّمِيمَةِ ، وَأَمَّا الْآخَرُ فَكَان لَا يَسْتَتِرُ مِنْ بَوْلِهِ ، قَال فَدَعَا بِعَسِيبٍ رَطْبٍ فَشَقَّهُ بِاثْنَيْنِ ، ثُمَّ غَرَسَ عَلَى هَذَا وَاحِد وَعَلَى هَا وَاحِدًا ، ثُمَّ قَالَ لَعَلَّهُ أَنْ يُخَفَّف عَنْهُمَا مَا لَمْ يَيْبَسَا. (مسلم 439)

ഈ ഹദീസ് വിശദീകരിച്ച് ഇമാം നവവി(റ) പറഞ്ഞു: 'ഉലമാക്കൾ ഈ ഹദീസിന്റെ വെളിച്ചത്തിൽ ഖബ്റിന്റെ സമീപത്ത് വെച്ച് ഖുർആൻ ഓതൽ സുന്നത്താണെന്ന് പറഞ്ഞു.' കാരണം, ഈത്തപ്പന മട്ടലിന്റെ തസ്ബീഹ് കൊണ്ടു പോലും

ഖബ്റാളിക്ക് ശിക്ഷയിൽ ലഘൂകരണം ലഭിക്കുന്നുവെങ്കിൽ ഖുർആൻ ഓതിയാൽ അത് കൂടുതൽ ലഭിക്കും.'

وَاسْتحبَّ الْعُلَمَاء قِرَاءَة الْقُرْآن عِنْد الْقَبْر لِهَذَا الْحَدِيث لِأَنَّهُ إِذَا كَانَ يُرْجَى التَّخْفِيف بِتَسْبِيحِ الْجَرِيد فَتِلَاوَة الْقُرْآن أَوْلَى (شرح مسلم 3-202)

**85. 3,7,40 ആണ്ട് തുടങ്ങിയവ കഴിക്കുന്നത് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണോ? എന്തുകൊണ്ട് ?**

➢ ഇത്തരം ദിവസങ്ങളിൽ പ്രധാനമായും ചെയ്യാറുള്ളത് ഖുർആൻ ഓതി മയ്യിത്തിന് ദുആ ചെയ്യലും മയ്യിത്തിനു പ്രതിഫലം ലഭിക്കാൻ ഭക്ഷണം വിതരണം ചെയ്യലുമാണ്. ഇവയെല്ലാം പുണ്യകർമ്മങ്ങളും മയ്യിത്തിന് ഉപകാരം ലഭിക്കുന്ന കാര്യങ്ങളുമാണ്. അത്കൊണ്ട് ഈ ദിവസങ്ങളിൽ ചെയ്യുന്ന ഇത്തരം കർമ്മങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. ഈ കർമ്മങ്ങൾ മേൽ പറയപ്പെട്ട ദിവസങ്ങളിലല്ലാതെ ചെയ്താലും മയ്യിത്തിന് ഉപകാരം ലഭിക്കും. പല നാടുകളിലും വ്യത്യസ്ത ദിവസങ്ങളാണ് ഇത്തരം കർമ്മങ്ങൾക്ക് തെരഞ്ഞെടുക്കാറുള്ളത്. സൗകര്യത്തിന് ദിവസം മാറ്റാറുമുണ്ട്. എന്നാൽ മയ്യിത്ത് മറവ് ചെയ്ത അടുത്ത ദിവസങ്ങളിൽ പരീക്ഷണങ്ങൾ കൂടുതലുണ്ടാകുന്നതിനാൽ മയ്യിത്തിന് വേണ്ടിയുള്ള സ്വദഖയും ഖുർആൻ പാരായണവും മറ്റും ഈ സമയത്ത് വർധിപ്പിക്കുന്നത് നല്ലതാണ്.

**86. മരണപ്പെട്ടവരുടെ പേരിൽ ധർമ്മം ചെയ്താൽ അവർക്ക് ഉപകരിക്കും എന്നത് പ്രാമാണികമാണോ ?**

➢ അതെ, മരണപ്പെട്ടവർക്ക് ഉപകാരം ലഭിക്കാൻ വേണ്ടി ധർമ്മം ചെയ്താൽ അവർക്ക് ഉപകരിക്കുമെന്ന് ഇജ്മാഅ് കൊണ്ട് സ്ഥിരപ്പെട്ടതാണ്.

ഒരാൾ വന്നു നബി(സ)യോട് ചോദിച്ചു: 'നബിയേ എന്റെ ഉമ്മ പെട്ടെന്ന് മരണപ്പെട്ടു. വസ്വിയ്യത്തുകളൊന്നും ചെയ്തിട്ടില്ല. വല്ലതും സംസാരിച്ചിരുന്നെങ്കിൽ ധർമ്മം ചെയ്യുമെന്ന് ഞാൻ വിചാരിക്കുന്നു. ആ ഉമ്മയുടെ പേരിൽ ഞാൻ ധർമ്മം ചെയ്താൽ അവർക്ക് ഉപകരിക്കുമോ?' അവിടുന്ന് മറുപടി പറഞ്ഞു: 'അതെ ഉപകരിക്കും'. (മുസലിം)

عَنْ عَائِشَةَ أَنَّ رَجُلًا أَتَى النَّبِي صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالَ : يَا رَسُولَ اللَّهِ ، إِنَّ أُمِّي افْتُلِتَتْ نَفْسَهَا وَلَمْ تُوصِ ، وَأَظُنُّهَا لَوْ تَكَلَّمَتْ تَصَدَّقَتْ ، أَفَلَهَا أَجْرٌ إِنْ تَصَدَّقْتُ عَنْهَا ، قَالَ 'نَعَمْ' (مسلم 1672 )

ഈ ഹദീസ് വിശദീകരിച്ച് ഇമാം നവവി(റ) പറഞ്ഞു: 'മയ്യിത്തിന്റെ പേരിൽ സദഖ ചെയ്താൽ അത് മയ്യിത്തിന് ഉപകരിക്കുമെന്നും മയ്യിത്തിലേക്ക് അതിന്റെ പ്രതിഫലം ചേരുമെന്നും ഈ ഹദീസിൽ നിന്ന് വ്യക്തമാകും. അത് ഇജ്മാഅ്കൊണ്ട് സ്ഥിരപ്പെട്ടതുമാണ്.'

وَفِي هَذَا الْحَدِيثِ : أَنَّ الصدَقَةَ عَنْ الْمَيِّت تَنْفَعُ الْمَيِّت ، وَيصله ثَوَابهَا ، وَهُوَ كَذَلِكَ بِإِجْمَاعِ الْعُلَمَاء ، وَكَذَا أَجْمَعُوا عَلَى وُصُول الدّعَاء وَقُضَاء الدِّين بِالنّصُوصِ الْوَارِدَة فِي الْجَمِيع. (شرح مسلم 3-444)

മയ്യിത്തിന്റെ പേരിൽ സദഖ ചെയ്താൽ അതുകൊണ്ട് മയ്യിത്തിന് ഉപകാരം ലഭിക്കുമെന്നത് മുസ്ലിംകളുടെ ഏകകണ്ഠമായ അഭിപ്രായവും സഹീഹായ ഹദീസിൽ വന്നതുമാണെന്ന് ഇബ്നു തൈമിയ്യയും പറഞ്ഞിട്ടുണ്ട്.

أَمَّا الصَّدَقَةُ عَنْ الْمَيِّتِ فَإِنَّهُ يَنْتَفِعُ بِهَا بِاتِّفَاقِ الْمُسْلِمِينَ ، وَقَدْ وَرَدَتْ بِذَلِكَ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَحَادِيثُ صَحِيحَةٌ. **(مجموع الفتاوي لابن تيمية 314-24)**

**87. മരണപ്പെട്ടവരുടെ പേരിൽ ഭക്ഷണം വിതരണം ചെയ്യൽ ആര് പഠിപ്പിച്ചതാണ് ?**

➢ മരണപ്പെട്ടവരുടെ പേരിൽ ഭക്ഷണം ധർമ്മം ചെയ്യുന്നത് സ ഹാബത്ത് പഠിപ്പിച്ച സദാചാരമാണ്.

താബിഈ പ്രമുഖൻ താഊസ്(റ) പറഞ്ഞു: തീർച്ചയായും മരണപ്പെട്ടവർ ഖബ്റിൽ ഏഴ് ദിവസം പരീക്ഷിക്കപ്പെടും. അതുകൊണ്ട് ആ ദിവസങ്ങളിൽ അവരുടെ പേരിൽ ഭക്ഷണം നൽകാൻ സഹാബത്ത് ഇഷ്ടപ്പെട്ടിരുന്നു.

قَالَ طاؤوس : إن المَوْتَى يُفْتَنُون فِي قُبُورِهِمْ سَبْعًا ، فَكَانُوا يَسْتَحِبّونَ أنْ يُطْعَمُوا عَنْهُمْ تِلْكَ الأَيَّام. **(الحاوي للفتاوي للسيوطي 2-169)**

ഇമാം സുയൂതി(റ) പറഞ്ഞു: മരണപ്പെട്ടവരുടെ പേരിൽ ഏഴ് ദിവസം ഭക്ഷണം നൽകുക എന്ന ചര്യ ഇന്ന് വരെ മക്കയിലും മദീനയിലും തുടർന്നു വരുന്നു. സഹാബ ത്തിന്റെ കാലം മുതൽ ഇത് തുടർന്നു വരുന്നതാണെ ന്നാണ് വ്യക്തമാകുന്നത്.

لأن سُنَّةَ الإطْعَامِ سَبْعَةَ أيَّامٍ بَلَغَنِي أنّها مُسْتَمِرَّةٌ إلَى الآن بِمَكَّةَ وَالمَدِينَةِ ، فَالظاهِرُ انّها لَمْ تُتْرَكْ مِنْ عَهْدِ الصَّحَابَةِ إلَى الآن ، وأَنَّهُمْ أخَذُوهَا خلفا عَن سلفٍ إلَى الصدرِ الأوَّلِ **(الحاوي للفتاوي للسيوطي 2-183)**

മരണപ്പെട്ടവർക്ക് വേണ്ടി സദഖ ചെയ്താൽ ഉപകരിക്കുമെന്നതിൽ തർക്കമില്ല. ആ സ്വദഖയിൽ പെട്ടതാണ് ഭക്ഷണം നൽകൽ. അത്കൊണ്ട് മരണപ്പെട്ടവരുടെ പേരിൽ ഭക്ഷണം നൽകിയാൽ അവർക്ക് ഉപകരിക്കുമെന്നതിൽ തർക്കത്തിന് വകുപ്പില്ല.

**88. നാൽപ്പത് കഴിക്കുന്നതിൽ വല്ല പ്രത്യേകതയും ഉണ്ടോ ?**

➤ ഉണ്ട്, ഖുർആൻ ഖത്മ് ചെയ്യുന്നതിൽ സാലിഹീങ്ങൾക്ക് വ്യത്യസ്ത പതിവായിരുന്നു. 40 ദിവസം കൊണ്ടെങ്കിലും ഖുർആൻ ഖത്മ് ചെയ്യണമെന്ന് ചില പണ്ഡിതന്മാർ പറഞ്ഞു.

ഇതനുസരിച്ച് മരണപ്പെട്ടവരുടെ പേരിൽ 40 ദിവസം കൊണ്ട് ഖുർആൻ ഖത്മ് ചെയ്യാറുണ്ട്. ഖുർആൻ ഖത്മ് ചെയ്താൽ ദുആ നടത്തൽ ശക്തിയായ സുന്നത്താണ്. ആ ദുആക്ക് 4000 മലക്കുകൾ ആമീൻ പറയും.

وَيُسْتَحَبّ الدُّعَاءُ عِنْدَ الخَتْمِ اسْتِحْبَابًا مُتَأَكَّدًا شَدِيدًا ، لِمَا رَوَيْنَا عَنْ حُمَيْد الاعْرَجِ رحمه الله قال: مَنْ قَرَأَ القُرْآن ثُمَّ دَعَا اَمَّنَ عَلَى دُعَائِهِ اَرْبَعَةَ آلَافِ مَلَكٍ. (اعانة 2-285)

ഖുർആൻ ഖത്മ് ചെയ്യുമ്പോൾ സദ്യ ഒരുക്കലും സുന്നത്താണ്.

وَتُسَنُّ إجَابَةُ سَائِرِ الوَلَائِمِ كَمَا عُمِلَ لِلْخِتَانِ وَالوِلَادَةِ وَسَلَامَةِ المَرْأَةِ مِنَ الطَّلْقِ وَقُدُومِ المُسَافِرِ وَخَتْمِ القُرْآنِ ، وَهِيَ مُسْتَحَبَّةٌ فِي كُلِّهَا. (فتح المعين)

ഇത്കൊണ്ടാണ് നാൽപതിന് ദുആയും ഭക്ഷണ വിതരണവും ചെയ്തുവരുന്നത്.

ഇനി ഖുർആൻ ഓതാൻ സാധിച്ചില്ലെങ്കിലും മയ്യിത്തിന് വേണ്ടി ദുആ ചെയ്യലും സദഖ ചെയ്യലും എപ്പോഴും പുണ്യമായത് കൊണ്ട് അത് നാൽപതിനും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**89. 3,7,40 തുടങ്ങിയവ നബി(സ)യോ സഹാബത്തോ കഴിച്ചിട്ടുണ്ടോ?**

➢ ഒരാൾ മരണപ്പെട്ടാൽ 1,3,7,40 ഇവയൊന്നും ആരും കഴിക്കേണ്ടതില്ല, താനെ കഴിഞ്ഞ്പോകും. മയ്യിത്തി ന്റെ പേരിൽ സ്വദഖ ചെയ്യലും മയ്യിത്തിന് വേണ്ടി പ്രാർത്ഥിക്കലും മറ്റുള്ളവർ ചെയ്താൽ മതി. അത് നബി(സ)യും സഹാബത്തും ചെയ്തിട്ടുണ്ട്.

ഈ പ്രവർത്തനങ്ങൾ മേൽ ദിവസങ്ങളിൽ ചെയ്യൽ തെറ്റാണെന്ന് നബി(സ)യോ സഹാബത്തോ പറഞ്ഞിട്ടില്ല.

**90. നബി(സ) പറഞ്ഞത് മരണപ്പെട്ടവരുടെ കുടുംബത്തിന് ഭക്ഷണം ഉണ്ടാക്കി കൊടുക്കാനാണല്ലോ ( اصنعوا لآل جعفر طعاما ജഅ്ഫറിന്റെ കുടുംബത്തിന് നിങ്ങൾ ഭക്ഷണം ഉണ്ടാക്കി നൽകുക) എന്ത് പറയുന്നു?**

➢ ജഅ്ഫർ(റ)വിന്റെ കുടുംബം വലിയ ദുഃഖത്തിലായത് കൊണ്ടാണ് നബി(സ) ഇങ്ങനെ പറഞ്ഞത്. അങ്ങനെ മരണ വീട്ടുകാർക്ക് അയൽവാസികളും അകന്ന കുടുംബാംഗങ്ങളും ഭക്ഷണം പാകം ചെയ്ത് നൽകാറുണ്ട്. എന്നാൽ ഇത് മരിച്ചവരുടെ പേരിൽ ദാനധർമ്മം ചെയ്യുന്നതിന് എതിരല്ല.

**91. ഭക്ഷണം ധർമ്മം ചെയ്യാൻ പാവപ്പെട്ടവർക്കും സ്ഥാപനങ്ങളിലേക്കും നൽകലല്ലേ നല്ലത്?**

➢ വീട്ടിൽ നിന്നും ഭക്ഷണം നൽകുമ്പോൾ പാവപ്പെട്ടവർ ധാരാളമുണ്ടാവും. ദരിദ്രരെ കൂടുതൽ പങ്കെടുപ്പിക്കുകയും വേണം. എന്നാൽ, മയ്യിത്തിന്റെ കുടുംബങ്ങൾക്കും സുഹൃത്തുക്കൾക്കും കൊടുക്കൽ പ്രത്യേകം നല്ലതാണ്. നബി(സ)യോട് ഒരു

സഹാബി ചോദിച്ചു. 'എന്റെ ഉമ്മയും ബാപ്പയും മരണപ്പെട്ടാൽ ഞാൻ വല്ലതും ചെയ്യേണ്ടതുണ്ടോ?' അവിടുന്ന് പറഞ്ഞു: 'അവർ മുഖേനെയുള്ള കുടുംബം ചേർക്കുകയും അവരുടെ സുഹൃത്തുക്കളെ ആദരിക്കുകയും ചെയ്യുക.' അത്കൊണ്ട് മയ്യിത്തിന്റെ കുടുംബത്തിനും കൂട്ടുകാർക്കും ഭക്ഷണം നൽകിയാൽ ഈ പുണ്യം കൂടി ലഭിക്കും. അത് സ്ഥാപനങ്ങളിലേക്കും മറ്റും നൽകിയാൽ ലഭിക്കുകയില്ലല്ലോ.

സ്ഥാപനങ്ങളിലേക്കും പാവപ്പെട്ടവർക്കും നൽകിയാലും മയ്യിത്തിന് ഉപകാരം ലഭിക്കും.

**92. മഹാന്മാരുടെ ഖബറിന്മേൽ ഖുബ്ബ നിർമ്മിക്കൽ പുണ്യകർമ്മമാകുന്നത് എന്തുകൊണ്ട് ?**

➢ സിയാറത്ത് സജീവമാക്കൽ, ബറകതെടുക്കൽ എന്നീ പുണ്യകർമ്മങ്ങളുടെ വസീല(മാർഗം)യായതിനാൽ ഖുബ്ബ നിർമ്മിക്കൽ പുണ്യകർമ്മമാണെന്ന് ഇമാം നവവി (റ) പറഞ്ഞിട്ടുണ്ട്. (റൗള)

**93. ചില മഖ്ബറകളിൽ ഖബ്ർ ചുംബിക്കുന്നതും സുജൂദ് ചെയ്യുന്നതും കാണുന്നു. ഇത് ഇസ് ലാമികമാണോ ?**

➢ അല്ലാഹു അല്ലാത്തവർക്കുള്ള സുജൂദ് തെറ്റാണ്. ചുംബിക്കുന്നതിൽ പണ്ഡിതന്മാർക്ക് അഭിപ്രായ വ്യത്യാ സമുണ്ട്.

**94. നബി(സ) റമളാനിലും അല്ലാതെയും 11 റകഅതിനേക്കാൾ വർദ്ധിപ്പിക്കാറില്ല എന്ന് ആഇശ(റ) പറഞ്ഞതാണ**

**ല്ലോ. അപ്പോൾ തറാവീഹ് 8 റകഅതാണെന്ന് മനസ്സിലാ യല്ലോ ?**

➢ അത് നബി(സ)യുടെ വിത്ർ നിസ്കാരത്തെക്കുറിച്ചുള്ള ചോദ്യ വും മറുപടിയുമാണ്. അത്കൊണ്ടാണ് റമളാനിലും അല്ലാത്ത പ്പോഴും എന്ന് പറഞ്ഞത്.

**95. നാല് മദ്ഹബും ശരിയാകുമോ? ഒന്നല്ലേ ശരിയാവു കയുള്ളൂ?**

➢ നാലും ശരിയാകും, അല്ലാഹുവും റസൂലും വ്യക്തമായി പറ യാത്ത കാര്യങ്ങളിൽ അതീവ അവഗാഹമുള്ള പണ്ഡിതന്മാർ ഗവേഷണം ചെയ്യുമ്പോൾ വ്യത്യസ്ത രൂപത്തിൽ ഗ്രഹിക്കാം. എല്ലാവർക്കും പ്രതിഫലവും ലഭിക്കും.

**96. തഖ് ലീദ് ചെയ്യാൻ പറ്റുമോ?**

➢ അതെ, അംഗീകൃത ഇമാമുമാരെ തഖ്ലീദ് ചെയ്യണമെ ന്നത് ഖുർആനിന്റെ നിർദ്ദേശമാണ്.

فَسْـَٔلُوٓا۟ أَهْلَ ٱلذِّكْرِ إِن كُنتُمْ لَا تَعْلَمُونَ

(നിങ്ങൾക്ക് അറിവില്ലെങ്കിൽ അറിവുള്ളവരോട് ചോദിക്കുക). നബി(സ)യുടെ കാലം മുതൽ ഇന്നുവരെ വിവരമില്ലാത്തവർ വിവരമുള്ളവരോട് ചോദിച്ചാണ് ജീവിച്ചത്.

പറ്റില്ല എന്ന് പറയുകയാണെങ്കിൽ ഇനി മൗല വിമാർ പ്രസംഗിക്കരുത്. അനുയായികൾക്ക് ഖുർആനും ഹദീസ് കി താബുകളും നൽകിയാൽ മതി. അവർ നിയമങ്ങൾ കണ്ടെ

ത്തട്ടെ. അതെല്ല, മൗലവിമാരെ സ്വീകരിക്കാമെന്നാണെങ്കിൽ ഇമാമുമാരെയും സ്വീകരി ക്കാമല്ലോ.

**97. നബി(സ) തങ്ങൾ ഏത് മദ്ഹബുകാരനായിരിന്നു?**

➢നബി(സ)യാണ് നാല് മദ്ഹബും പഠിപ്പിച്ചത്. അത് കൊണ്ട് നാല് മദ്ഹബുകളുടെയും നേതാവാണ്.

**98. അല്ലാഹു പറഞ്ഞത് ഖുർആനും സുന്നത്തുമനുസരിച്ച് ജീവിക്കാനാണല്ലോ. ഇമാമുമാർ പറഞ്ഞത് സ്വീകരിക്കാന ല്ലല്ലോ?**

➢ഇമാമുമാർ ഖുർആനും ഹദീസും അനുസരിച്ചേ പറയൂ. രാമാ യണവും ബൈബിളും നോക്കിയല്ലല്ലോ പറയാറുള്ളത്. ഖുർ ആൻ പറഞ്ഞത് അറിവില്ലാത്തവർ അറിവുള്ളവരോട് ചോദി ക്കാനാണ്. അത്കൊണ്ട് അറിവുള്ള ഇമാമുമാരെ സ്വീകരിക്ക ലാണ് ഖുർആൻ അംഗീകരിക്കൽ.

**99. നാലിൽ ഒരു മദ്ഹബ് തന്നെ സ്വീകരിക്കൽ നിർബ ന്ധമാണോ?**

➢അതെ, നാല് മദ്ഹബുകൾ ക്രോഡീകരിക്കപ്പെട്ടത് പോലെ അഞ്ചാമതൊരു മദ്ഹബ് ക്രോഡീകരിക്കപ്പെട്ടിട്ടില്ല. അത് കൊ ണ്ട് നാലിൽ ഒന്ന് സ്വീകരിക്കൽ നിർബന്ധമാണ്. (തുഹ്ഫ)

**100. പുത്തൻവാദിയുമായി വിട്ട് നിൽക്കണം എന്ന് പറയാൻ കാരണമെന്ത്?**

- ഖുതുബിയത്തും മൗലിദുകളും ശിർക്കാണെന്ന് പഠിപ്പിക്കുക വഴി ഇവർ പറയുന്നത് മൗലിദും ഖുതുബിയ്യത്തും ചൊല്ലക യും അത് ഇവിടെ നിലനിർത്തുകയും ചെയ്ത നമ്മുടെ ഉപ്പമാ രും ഉപ്പാപ്പമാരും മുൻകാല ഉലമാക്കളും ഇസ്ലാമിൽ നിന്ന് പുറത്താണെന്നാണ്. നമ്മളോ നമ്മുടെ ഉപ്പാപ്പയോ കള്ള് കു ടിയനാണെന്നോ, വ്യഭിചാരിയാണെന്നോ, കള്ളനാണെന്നോ, ഒരാൾ പറഞ്ഞാൽ അവനെ നാം ഇഷ്ടപ്പെടുകയില്ലെന്ന് മാത്ര മല്ല അവനെ നാം വെറുക്കുകയും ചെയ്യുന്നു. അവനുമായി ബന്ധം പുലർത്താൻ നാം ഇഷടപ്പെടുന്നില്ല. എന്നാൽ ശിർക്ക് ചെയ്യുന്നവരാണെന്ന അതിലും ഗുരുതരമായ ആരോപണമാ ണ് പുത്തൻ വാദികൾ അവരെക്കുറിച്ചും നമ്മെക്കുറിച്ചും പറ യുന്നത്. അതുകൊണ്ടാണ് അവരെ വിട്ടുനിൽക്കണമെന്ന് പറയു ന്നത്.